# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA.MPM21/600/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 05/05/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി

സർ,

**വിഷയം : പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ഡയറക്ടർ, നഗര കാര്യ വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
3) റീജ്യണൽ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് (ഉ.പ.സ),
4) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം (ഉ.പ.സ),
5) കാര്യാലയ പകർപ്പ്.

നമ്പർ: KSA.MPM21/600/22 തീയ്യതി: 05/05/2022

## മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-12-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-02-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സൈമൺ. കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 07-02-2022 | 23-02-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-02-2022 | 23-02-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.അബ്ദുന്നാസർ. പി, ഓഡിറ്റ് ഓഫീസർ,
ശ്രീ. അബ്ദുൽ ഗഫൂർ.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സന്തോഷ്. പി.ടി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ഷാജഹാൻ ഖുറൈശി. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. അസീന .എ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.യൂസഫ്. പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ലത. ഓ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി. വിനീത. പി.പി, ഓഡിറ്റർ
ശ്രീമതി. ഷീബ. പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എം. മുഹമ്മദ് സലീം | ചെയർമാൻ | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അബ്ദുൽ സജീം എസ് | സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ. പ്രസന്നകുമാർ എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി. മാരിയത്ത് കിബിത്തിയ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. സൈദ് മുഹമ്മദ് സലിം | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ഡോ. സാബിറ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീ ജോൺ മാത്യു | പട്ടിക ജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. വരുൺ | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ആയിഷ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ. മനോജ് സി ജെ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ. രാജീവൻ കെ | ജെ എച്ച് ഐ ഗ്രേഡ് 2 | 01-04-2019 | 31-03-2020 |
| ശ്രീമതി. ഫൗസിയ | പ്രിൻസിപ്പാൾ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| കെ വി | | | |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Yousuf.P (Asst. Audit Officer, On 19-02-2022)<br>Last Updated By: Yousuf.P (Asst. Audit Officer, On 19-02-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: ASEENA.A.P (Asst. Audit Officer, On 19-02-2022)<br>Last Updated By: SHEEBA P (Auditor, On 22-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: ASEENA.A.P (Asst. Audit Officer, On 19-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 04-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: ASEENA.A.P (Asst. Audit Officer, On 19-02-2022)<br>Last Updated By: Simon K (Senior Deputy Director, On 18-04-2022) | 1-4 |
| 5 | Grant Statement പ്രകാരമുള്ള ചെലവ് തുകയും ACR ,AFS എന്നിവ പ്രകാരമുള്ള ചെലവ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.<br>Written By: ASEENA.A.P (Asst. Audit Officer, On 01-03-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 04-03-2022) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: ASEENA.A.P (Asst. Audit Officer, On 19-02-2022)<br>Last Updated By: SHEEBA P (Auditor, On 22-02-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Yousuf.P (Asst. Audit Officer, On 19-02-2022)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 26-02-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: ASEENA.A.P (Asst. Audit Officer, On 19-02-2022)<br>Last Updated By: Simon K (Senior Deputy Director, On 18-04-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: SHEEBA P (Auditor, On 19-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 01-03-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: ASEENA.A.P (Asst. Audit Officer, On 19-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | 1-9 |
| 11 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: ASEENA.A.P (Asst. Audit Officer, On 19-02-2022)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 19-02-2022) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: ASEENA.A.P (Asst. Audit Officer, On 26-02-2022)<br>Last Updated By: Simon K (Senior Deputy Director, On 18-04-2022) | 1-11 |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: SHEEBA P (Auditor, On 22-02-2022)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 04-05-2022) | 1-12 |
| 14 | റൂമുകൾ ഒഴിഞ്ഞു കിടക്കുന്നു<br>Written By: Latha.O.V (Auditor, On 27-02-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 1-13 |
| 15 | ഉപയോഗക്രമം മാറി വസ്തുനികുതി നിർണയിച്ചു.<br>Written By: SHEEBA P (Auditor, On 25-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 04-03-2022) | 1-14 |
| 16 | വാടകയിനത്തിൽ വൻ തുക പിരിച്ചെടുക്കാനവശേഷിക്കുന്നു<br>Written By: Latha.O.V (Auditor, On 27-02-2022)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 04-05-2022) | 1-15 |
| 17 | വാർഷിക പദ്ധതിയുടെ ഭാഗമാക്കാതെ മരാമത്ത് | 1-16 |

| | | |
|---|---|---|
| | പ്രവർത്തികൾ യഥേഷ്ടം നടപ്പാക്കുന്നു.<br>Written By: Shajahan Khuraisi (Asst. Audit Officer, On 01-03-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | |
| 18 | സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് ട്രസ്റ്റ് വർക്കിന്റെ നിരക്ക് നൽകി. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 9030രൂപ തിരിച്ചടവാക്കി.<br>Written By: ABDHU NAZER.P (Audit Officer, On 28-02-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 1-17 |
| 19 | മാനവൽ ടെണ്ടറുകളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പ് വരുത്തുന്നില്ല.<br>Written By: ABDHU NAZER.P (Audit Officer, On 28-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | 1-18 |
| 20 | പദ്ധതി തയ്യാറാക്കുമ്പോൾ തന്നെ ഇ- ടെണ്ടറിൽ നിന്നും ഒഴിവാകുന്നതിന് ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നു.<br>Written By: ABDHU NAZER.P (Audit Officer, On 28-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | 1-19 |
| 21 | ഡ്രൈനേജ് നിർമ്മാണം- സെന്ററിംഗ് ആന്റ് ഷട്ടറിംഗ് പ്രവൃത്തിക്ക് അധികം നൽകിയ 73947 രൂപ തിരിച്ചടവാക്കി<br>Written By: ABDHU NAZER.P (Audit Officer, On 28-02-2022)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 04-05-2022) | 1-20 |
| 22 | ഡ്രൈനേജ് നിർമ്മാണം -അധികം നൽകിയ 21718 രൂപ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരിച്ചടവാക്കി<br>Written By: ABDHU NAZER.P (Audit Officer, On 28-02-2022)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 04-05-2022) | 1-21 |
| 23 | ഫണ്ടിന്റെ ലഭ്യത പഠനവിധേയമാക്കാതെ തനത് ഫണ്ടിൽ നിന്നും വൻതുക മരാമത്ത് പ്രവൃത്തികൾക്കായി പദ്ധതിയിൽ വകയിരുത്തുന്നു.<br>Written By: ABDHU NAZER.P (Audit Officer, On 01-03-2022)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 04-05-2022) | 1-22 |
| 24 | കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിൽ പരിമിതപ്പെടുത്താതെ ബിൽ തുക നൽകി. 4144 രൂപ തിരിച്ചടവാക്കി.<br>Written By: ABDHU NAZER.P (Audit Officer, On 28-02-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 1-23 |
| 25 | കുടിവെള്ള വിതരണം - അപാകതകൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 01-03-2022)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 04-05-2022) | 1-24 |
| 26 | ബാർകോഡ് പതിച്ച ഗ്രീൻകാർഡ്- അപാകതകൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 01-03-2022)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 04-05-2022) | 1-25 |
| 27 | തെരുവ് വിളക്കുകളുടെ റിപ്പയറിനുള്ള AMC- അപാകതകൾ<br>Written By: Shajahan Khuraisi (Asst. Audit Officer, On 01-03-2022)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 04-05-2022) | 1-26 |
| 28 | പ്രൊഫഷണൽ സർവ്വീസസിന് 10% തുക ഐ).ടി.ഈടാക്കേണ്ടതാണ്<br>Written By: Shajahan Khuraisi (Asst. Audit Officer, On 01-03-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | 1-27 |
| 29 | ഡ്രൈനേജ് നിർമ്മാണം- സെന്ററിംഗ് ആന്റ് ഷട്ടറിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി.<br>Written By: ABDHU NAZER.P (Audit Officer, On 28-02-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 1-28 |
| 30 | ഒറിജിനൽ രശീതി ഹാജരാക്കുന്നത് വരെ 20,36,666 രൂപ | 1-29 |

| | | |
|---|---|---|
| | തടസ്സം ചെയ്യുന്നു.<br>Written By: Shajahan Khuraisi (Asst. Audit Officer, On 02-03-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | |
| 31 | അനുബന്ധ രേഖകൾ പരിശോധനക്കായി ഹാജരാക്കിയില്ല.<br>Written By: Shajahan Khuraisi (Asst. Audit Officer, On 02-03-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 1-30 |
| 32 | സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും യഥാസമയം തുക ലഭിക്കുന്നില്ല<br>Written By: Yousuf.P (Asst. Audit Officer, On 11-03-2022)<br>Last Updated By: Simon K (Senior Deputy Director, On 21-04-2022) | 1-31 |
| 33 | എസ്.എസ്.എ. വിഹിതം നൽകൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.<br>Written By: Shajahan Khuraisi (Asst. Audit Officer, On 13-03-2022)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 04-05-2022) | 1-32 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിച്ചിട്ടില്ല<br>Written By: ASEENA.A.P (Asst. Audit Officer, On 18-03-2022)<br>Last Updated By: Simon K (Senior Deputy Director, On 18-04-2022) | 1-33 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഡ്രൈനേജ് നിർമ്മാണം- സെന്ററിംഗ് ആന്റ് ഷട്ടറിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി<br>Written By: ABDHU NAZER.P (Audit Officer, On 01-03-2022)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 04-05-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: ASEENA.A.P (Asst. Audit Officer, On 19-02-2022)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 19-02-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: SHEEBA P (Auditor, On 19-02-2022)<br>Last Updated By: SHEEBA P (Auditor, On 22-02-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ<br>Written By: SHEEBA P (Auditor, On 19-02-2022)<br>Last Updated By: Simon K (Senior Deputy Director, On 18-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം<br>Written By: SHEEBA P (Auditor, On 19-02-2022)<br>Last Updated By: ASEENA.A.P (Asst. Audit Officer, On 06-03-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: SHEEBA P (Auditor, On 19-02-2022)<br>Last Updated By: Simon K (Senior Deputy Director, On 18-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: SHEEBA P (Auditor, On 19-02-2022)<br>Last Updated By: Simon K (Senior Deputy Director, On 18-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: SHEEBA P (Auditor, On 19-02-2022)<br>Last Updated By: ABDHU NAZER.P (Audit Officer, On 05-03-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: SHEEBA P (Auditor, On 19-02-2022)<br>Last Updated By: Simon K (Senior Deputy Director, On 18-04-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: SHEEBA P (Auditor, On 19-02-2022)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 04-05-2022) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: SHEEBA P (Auditor, On 19-02-2022)<br>Last Updated By: Abdul Salam.P (Senior Grade Auditor, On 04-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: SHEEBA P (Auditor, On 19-02-2022)<br>Last Updated By: Simon K (Senior Deputy Director, On 05-05-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസാക്കിയ തിയ്യതി | ബജറ്റ് പുതുക്കിയ തിയ്യതി |
|---|---|
| 28.02.2019ലെ തീരുമാനം നമ്പർ (1) | 26.03.2020ലെ തീരുമാനം നമ്പർ (1) |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച് തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.07.2020 | 3.08.2020 | -- | -- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 137679844.01 |
| വരവ് | 667152567 |
| ആകെ | 804832411 |
| ചെലവ് | 726064916 |
| നീക്കിയിരിപ്പ് | 78767495 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 30473799 | 30473799 | 28833305 | 1640494 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 16012666 | 16012666 | 14918926 | 1093740 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 450000 | 450000 | 0 | 450000 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 13452000 | 13452000 | 8714726 | 4737274 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 11439000 | 11439000 | 5279535 | 6159465 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) | 0 | 64636000 | 64636000 | 39987360 | 24648640 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 6181419 | 6181419 | 3742815 | 2438604 |
| ബി ഫണ്ട് | 0 | 31872320 | 31872320 | 31872320 | 0 |

### 1-4-1 Grant Statement പ്രകാരമുള്ള ചെലവ് തുകയും ACR ,AFS എന്നിവ പ്രകാരമുള്ള ചെലവ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

2019-20 വർഷത്തെ വാർഷിക ധനകാര്യപത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , ACRഎന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന ഗ്രാന്റ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| **ഫണ്ട്** | **ഇനം** | **വരവ്** | **ചെലവ്** | **നീക്കിയിരിപ്പ്** |
|---|---|---|---|---|
| **വികസന ഫണ്ട് (ജനറൽ)** | AFS | 20266156 | 20266156 | 0 |
| | ACR | 30473799 | 28833305 | 1640494 |
| | Grant Statement | 30473799 | 37206506 | -6732707 |
| **വികസന ഫണ്ട് (എസ്.സി.പി)** | AFS | 11932012 | 11932012 | 0 |
| | ACR | 16012666 | 14918926 | 1093740 |
| | Grant Statement | 16012666 | 21172260 | -5159594 |
| **മെയിന്റനൻസ് ഫണ്ട് (റോഡ്)** | AFS | 5623197 | 5623197 | 0 |
| | ACR | 13452000 | 8714726 | 4747274 |
| | Grant Statement | 13452000 | 8714726 | 4747274 |

## 1-5 പദ്ധതി അവലോകനം

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.**

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 419 | 496049378 | 378 | 133802845 | 33 | 8 | 90 |

**പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ**

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകളും ഗുണഭോക്താക്കൾക്ക് നല്കുന്നതും | 5223365 | 4582217 | 9805582 | 9301001 | 504581 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം മുനിസിപ്പാലിറ്റി നടപ്പാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 36720 | 44 |
| കർഷക തൊഴിലാളി പെൻഷൻ | 2893800 | 526 |

| | | |
|---|---|---|
| വിധവ പെൻഷൻ | 11161200 | 1976 |
| വാർദ്ധക്യകാല പെൻഷൻ | 13814400 | 2592 |
| വികലാംഗ പെൻഷൻ | 2766800 | 509 |
| വിവാഹ ധനസഹായം | 270000 | 9 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 929400 | 164 |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.2.2022 ന് 10.45 Am സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 7619/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പു വയ്ക്കുന്നുമില്ല. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പിന്റെ 12-2-2021 ലെ നം. റൂൾസ്-2/22/2020/ഉഭപവ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2. വാർഷിക പദ്ധതിയുടെ ഭാഗമാക്കാതെ വൻ തോതിൽ മരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നു.

3. ഒറ്റ പ്രോജക്ടായി നടപ്പാക്കേണ്ട മരാമത്ത് പ്രവൃത്തികൾ ഭാഗികമായ എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് വ്യത്യസ്ത പ്രോജക്ടുകളായി നടപ്പാക്കുന്നു.

4.വർക്ക് ബില്ലുകളിൽ നിന്നും കുറവ് ചെയ്തിട്ടുള്ള നി.തൊ.ക്ഷേ.നി.വിഹിതം ടി- സ്ഥാപനത്തിലേക്ക് അടവാക്കിയിട്ടില്ല.

5. വർക്കിംഗ് ഗ്രൂപ്പുകൾ അവയുടെ നിയമപരമായ കടമകൾ നിർവ്വഹിക്കുന്നില്ല.

6.ലോൺ റജിസ്ററർ, ഡെപ്പോസിറ്റ് റജിസ്റ്റർ എന്നിവ യഥാവിധി എഴുതി സൂക്ഷിക്കുന്നില്ല.

7. തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, അവ സ്ഥാപിച്ചിട്ടുള്ള ലൊക്കേഷൻ എന്നിവ കാണിക്കുന്ന റജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.

8. ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.07.2014 | 2013-14 | 07.08.2015 |
| എ.ജി ഓഡിറ്റ് | 27.02.2017 | 2013-14 മുതൽ 2015-16 വരെ | 03.05.2017 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2019-20ലെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

2. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വാർഷിക സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-18ഷെഡ്യൂളിലെ തുകകളുമായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല. 1991 മുതലുള്ള മുൻകുറുകൾ ഇനിയും ക്രമീകരിച്ചിട്ടില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ B-7ഷെഡ്യൂളിലെ ബാധ്യതയായുള്ള ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. Auction Deposit ഇനത്തിൽ മാത്രമായി 2019-20ൽ നഗരസഭക്ക് 18,16,59,882 രൂപ വരവുൾപ്പെടെ 29,89,25,896രൂപ ബാധ്യതയായി ഉണ്ട്.

4. തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ, സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപന രജിസ്റ്റർ, Cremation Fee രജിസ്റ്റർ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, Entertainment Tax രജിസ്റ്റർ എന്നിവയിൽ ഡിമാന്റ്-കളക്ഷൻ-ബാലൻസ് വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി

സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഈ ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

5. AFS പ്രകാരം Rent From Shopping Complex ഇനത്തിൽ തൻവർഷ ഡിമാന്റ് 14146020 രൂപയും, തൻവർഷ വരവ് 13645118 രൂപയും, ബാലൻസ് 500902 രൂപയുമാണ്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം ഡിമാന്റ് 13994920രൂപയും, വരവ് 13634207രൂപയും, ബാലൻസ് 360713രൂപയുമാണ്. വാർഷിക കണക്ക് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

6. വാടക അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വാർഷിക സംഗ്രഹം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ അരിയർ കളക്ഷൻ തുകയുമായി ഒത്തുനോക്കാൻ സാധിച്ചിട്ടില്ല.

7. RP-37 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി കുടിശ്ശിക ഇനത്തിൽ 11308471/-രൂപ വരവ് വന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ വാർഷിക കണക്ക് B-15 പ്രകാരം 6346858.42/-രൂപ മാത്രമാണ് കുടിശ്ശിക കിട്ടാനുള്ളതായി രേഖപ്പെടുത്തിയിട്ടുള്ളത്.

8. ഓഡിറ്റ് റിക്കവറി ഇനത്തിൽ (RP-29) 153785രൂപ വരവുണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

9. B-4ഷെഡ്യൂളിൽ Beneficiary Contribution ഇനത്തിൽ 6628048രൂപ ബാലൻസ് ഉണ്ട്. ഈ ഇനത്തിൽ പിരിച്ചെടുത്ത തുക പൂർണ്ണമായി ചെലവഴിക്കാത്ത പ്രോജക്ടുകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല.

10. റസീറ്റ് & പേയ്മെന്റ് പത്രികയിൽ Saleof Scrap. Recovery From Employees എന്നീ ഇനങ്ങളിലെ വരവുകൾ നെഗറ്റീവ് ആണ്.

11. PMAY ഹഡ്കോ ലോൺ സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ലോണിന്റെ വരവ് ചെലവ് കണക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ ലോൺ സ്റ്റേറ്റ്മെന്റും വാർഷിക കണക്കും തമ്മിൽ താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | 2019-20ൽ ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം തിരിച്ചടച്ചത് | വർഷാവസാനം തിരിച്ചടക്കാനുള്ളത് |
|---|---|---|---|---|
| PMAY-HUDCO ലോൺ സ്റ്റേറ്റ്മെന്റ് പ്രകാരം | 135400000 | 9400000 | 11946667 | 132853333 |
| AFS പ്രകാരം | 100200000 | 9400000 | 11946667 | 97653333 |

AFS ൽ വായ്പ വരവ് 3,52,00,000/-രൂപ കുറവായിട്ടാണ് കാണിച്ചിട്ടുള്ളത്. ആയതിനാൽ ബാലൻസ് ഷീറ്റിൽ ബാധ്യതയും കുറവായാണ് കാണിച്ചിട്ടുള്ളത്. വ്യത്യാസം പരിശോധിച്ച് ക്രമീകരിക്കേണ്ടതാണ്.

12. വാർഷിക ധനകാര്യ പത്രിക B-4 പ്രകാരമുള്ള വിവിധ ഗ്രാന്റുകളുടെ നീക്കിയിരിപ്പ് പരിശോധിക്കുന്നതിനായി പ്രസ്തുത ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

13. SIB Shasu Fund -215 അക്കൗണ്ടിന്റെ ബാങ്ക് റിക്കൺസിലിയേഷൻ പാസ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല. ബാങ്ക് ബുക്ക് പ്രകാരവും റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരവും ക്ലോസിംഗ് ബാലൻസ് 42031 എന്ന് കാണുന്നു. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 14.03.2007 മുതൽ അക്കൗണ്ട് ബാലൻസ് പൂജ്യമാണ്. അക്കൗണ്ട് ക്ലോസ് ചെയ്തിട്ടില്ല.

14. അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിക്ഷേപിച്ച 1000/-രൂപ എ.എഫ്.എസിൽ ഉൾപ്പെടുത്തിയിട്ടില്ല.

15. വികസന ഫണ്ട് ജനറൽ, എസ്.സി.പി., മെയിന്റനൻസ് ഗ്രാന്റ് റോഡ് എന്നീ ഫണ്ടുകളുടെ ACR ചെലവും AFS വരവും പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2005 – ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 4(1) പ്രകാരം ഏതെങ്കിലും ഓഫീസിലോ, കമ്പനിയിലോ, ഫേമിലോ, സംരംഭത്തിലോ, സ്ഥാപനത്തിലോ, ശമ്പളത്തിനോ, വേതനത്തിനോ, നിയമിക്കപ്പെടുകയോ, അതിൽ

തൊഴിലെടുക്കുകയോ, ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന വ്യക്തികളിൽ നിന്നും ചട്ടം 3 (1) ൽ പറയുന്ന നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഇതു പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|
| പോസ്റ്റ് ഓഫീസ്, പൊന്ന്യാകുറിശ്ശി | 2019-20<br>രണ്ടാം അർദ്ധ വർഷം |
| എൻ യു എൽ എം | 2019-20<br>രണ്ടാം അർദ്ധ വർഷം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 05/2019-20/17.02.2022ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 റൂമുകൾ ഒഴിഞ്ഞു കിടക്കുന്നു

വാടക ഡിമാൻ്റ് രജിസ്റ്റർ അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ പെരിന്തൽമണ്ണ നഗരസഭയുടെ കീഴിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ താഴെ കൊടുത്തിരിക്കുന്ന റൂമുകൾ 2019-20 വർഷത്തിൽ വാടകയ്ക്കു നൽകാതെ ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) ഹൈ ടെക്ക് ഷോപ്പിംഗ് കോംപ്ലക്സ്

| ക്രമ നം | റൂം നം |
|---|---|
| 1 | ജി 32 |
| 2 | എഫ് 2 |
| 3 | എഫ് 13 |
| 4 | എഫ് 14 |
| 5 | എഫ് 15 |
| 6 | എഫ് 16 |
| 7 | എസ് 13 |
| 8 | എസ് 14 |
| 9 | എസ് 17 |
| 10 | എസ് 18 |
| 11 | എസ് 19 |
| 12 | എസ് 20 |
| 13 | എസ് 21 |
| 14 | എസ് 22 |
| 15 | എസ് 23 |
| 16 | എസ് 24 |
| 17 | ടി 6 |
| 18 | ടി 19 |

2)മനഴി സ്റ്റാന്റ് രണ്ടാം നില

റൂം നം 90,91 എന്നിവ

3)ബൈപാസ് ബസ് സ്റ്റാന്റ് കോംപ്ലക്സ്

| ക്രമ നം | റൂം നം |
|---|---|
| 1 | 4 |
| 2 | 17 |
| 3 | 18 |

| | |
|---|---|
| 4 | 19 |
| 5 | 20 |

4)മാർക്കറ്റ്

| ക്രമ നം | റൂം നം |
|---|---|
| 1 | എഫ് എഫ് 9 |
| 2 | എഫ് എഫ് 13 |
| 3 | എഫ് എഫ് 16 |
| 4 | എഫ് എഫ് 17 |
| 5 | എഫ് എഫ് 18 |
| 6 | എഫ് എഫ് 19 |

മേൽ റൂമുകൾ വാടകയ്ക്ക് നൽകാത്തതിന്റെ കാരണവും പ്രസ്തുത റൂമുകളിന്മേൽ ലേല നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം. 24/22.2.22(2019-20) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.റൂമുകൾ ഒഴിഞ്ഞ് കിടക്കുന്നതിന് വസ്തുതാപരമായ വിശദീകരണം പ്രഥമ മറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്.

## 1-14 ഉപയോഗക്രമം മാറി വസ്തുനികുതി നിർണയിച്ചു.

ഡോ. കാസിം കൊളക്കാടൻ, IMA പെരിന്തൽമണ്ണ യൂണിറ്റ് സെക്രട്ടറി എന്നവർക്ക് 18.6.2012ന് BA-46/12-13 നമ്പറായി 2627.26m$^2$ പ്ലിൻത്ത് ഏരിയയിൽ സ്പെഷ്യൽ റെസിഡൻഷ്യൽ ( GROUP-A2) ഒക്യുപൻസിയിൽ കെട്ടിട നിർമാണത്തിന് അനുമതി നൽകിയിട്ടുണ്ട്. ഭാഗികമായി നിർമാണം പൂർത്തീകരിച്ച് 07.11.2018ന് നമ്പറിങ്ങിനായി നൽകിയ അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാൻ പ്രകാരം സ്പെഷ്യൽ റെസിഡൻഷ്യൽ വിഭാഗത്തിൽ നിർമാണം പൂർത്തീകരിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പ്രകാരം 1746.46m$^2$ വിസ്തൃതിയിൽ സ്പെഷ്യൽ റെസിഡൻഷ്യൽ വിഭാഗത്തിലുള്ള കെട്ടിടത്തിന്റെ ഒക്യുപൻസി സർട്ടിഫിക്കറ്റ് സെക്രട്ടറി അനുവദിച്ചിട്ടുണ്ട്. 22.4.2019ന് ഭാഗികമായി നിർമാണം പൂർത്തീകരിച്ച കെട്ടിടത്തിന്റെ ഫോം-6 സെക്രട്ടറി അംഗീകരിക്കുകയും 27/687-2 എന്ന നമ്പർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മുഴുവനായും നിർമാണം പൂർത്തീകരിച്ചതിനു ശേഷം നൽകിയ നമ്പറിങ് അപേക്ഷ പ്രകാരം 855.58m$^2$ വിസ്തൃതിയുള്ള കെട്ടിടത്തിന് 27/687-10 എന്ന കെട്ടിട നമ്പറും അനുവദിച്ചിട്ടുണ്ട്. അപേക്ഷയോടൊപ്പം സമർപ്പിച്ച കംപ്ലീഷൻ പ്ലാൻ പ്രകാരവും സ്പെഷ്യൽ റെസിഡൻഷ്യൽ വിഭാഗത്തിൽ നിർമാണം പൂർത്തീകരിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ രണ്ട് കെട്ടിട നമ്പറുകളുടെയും ഉപയോഗക്രമം സഞ്ചയയിൽ വാണിജ്യാവശ്യം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വസ്തുനികുതി നിർണയിച്ചിട്ടുള്ളതും പ്രസ്തുത നിരക്കിൽ ആണ്. കെട്ടിടത്തിന്റെ ഉപയോഗക്രമം സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും പെർമിറ്റ്, നമ്പറിങ് അപേക്ഷ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം സ്പെഷ്യൽ റെസിഡൻഷ്യൽ എന്നിരിക്കെ വാണിജ്യാവശ്യം എന്ന ഒക്യുപൻസി പ്രകാരം വസ്തു നികുതി നിർണയിച്ചത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ പ്ലാനിൽ റൂം 1, റൂം 2, റൂം 3, ലേഡീസ് ഫിറ്റ്നസ് റൂം, റിക്രിയേഷൻ ഹാൾ എന്നിവ കണ്ടതു കൊണ്ടാണ് വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണയിച്ചതെന്നും സ്പെഷ്യൽ റെസിഡൻഷ്യൽ വിഭാഗത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണയിക്കുമെന്നും അറിയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ ഉപയോഗക്രമം സംബന്ധിച്ച് വ്യക്തത വരുത്തിയതിന് ശേഷം സ്പെഷ്യൽ റെസിഡൻഷ്യൽ വിഭാഗത്തിൽ ഉൾപ്പെടുന്ന ഏരിയക്ക് പ്രസ്തുത നിരക്കിലും വാണിജ്യാവശ്യം എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന ഏരിയക്ക് പ്രസ്തുത നിരക്കിലും വസ്തുനികുതി ഈടാക്കേണ്ടതാണ്.

## 1-15 വാടകയിനത്തിൽ വൻ തുക പിരിച്ചെടുക്കാനവശേഷിക്കുന്നു

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളിലെ വാടകയ്ക്ക് നൽകിയ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വാടക യഥാസമയം അടവാക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട് എന്ന് വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുകയുണ്ടായി. കരാർ പ്രകാരം വാടക എല്ലാ മാസവും അഞ്ചാം തീയതിയോ അതിനു മുമ്പോ നഗരസഭയിൽ അടവാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഈ സമയക്ലിപ്തത വാടകക്കാർ പാലിച്ചിട്ടില്ല. 2019-20 ൽ അടവാക്കാൻ ശേഷിയ്ക്കുന്ന വാടകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) ഹൈ ടെക് ഷോപ്പിംഗ് കോംപ്ലക്സ്

| കെട്ടിട/റൂം നമ്പർ | വാടകക്കാർ | മാസവാടക | അടവാക്കാനവശേഷിയ്ക്കുന്ന മാസം | അടവാക്കാൻ ശേഷിയ്ക്കുന്ന വാടക |
|---|---|---|---|---|
| G3 | കെ ഹംസ | 6368 | 1,2,3/20 | 19104 |
| G11 | അബ്ദുൾ ലത്തീഫ് എ | 6368 | 4,9/19 | 12736 |
| G12 | ഉണ്ണീൻ കുട്ടി കെ | 6368 | 10/19 | 6368 |
| G13 | മുഹമ്മദ് ഫൈസൽ | 6368 | 10/19 | 6368 |
| G14 | ഉസ്മാൻ എം | 6368 | 10/19 | 6368 |
| G29 | സെയ്തലവി.പി | 4921 | 10,11/19 | 9842 |
| G30 | | 4921 | 3/20 | 4921 |
| G31 | | 4921 | 3/20 | 4921 |
| F4 | മുഹമ്മദാലി.കെ | 5211 | 8/19 | 5211 |
| F18 | മൂസ കിനാനിയിൽ | 3474 | 3/20 | 3474 |
| F21 | മുഹമ്മദ് മുസ്തഫ | 3648 | 2/20 | 3648 |
| 28A | അബ്ദുൾ ഖാദർ കെ.പി | 3475 | 4,5,6/2019 | 10425 |
| S6 | അബൂബക്കർ | 2576 | 1/20 | 2576 |
| S8 | മുഹമ്മദ് കുഞ്ഞൻ | 2576 | 1/20 | 2576 |
| S26 | മുഹമ്മദ് മുസ്തഫ | 2576 | 12/19 | 2576 |
| T6 | അബ്ദുൾ മജീദ് | 1654 | 12/19 | 1654 |
| T7 | അബ്ദുൾ മജീദ് | 1654 | 4,12/19 | 3308 |
| T8 | അബ്ദുൾ മജീദ് | 1654 | 4,12/19 | 3308 |
| T9 | നീതു.കെ | 1500 | 9,10/19 | 3000 |
| T10 | നീതു.കെ | 1500 | 9,10/19 | 3000 |
| T16 | റൊണാൾഡ് ഡാനിയേൽ | 1564 | 10/19 | 1564 |
| T17 | പട്ടികജാതി സഹകരണസംഘം | 788 | 11,12/19,1,2,3/20 | 3940 |
| T18 | പട്ടികജാതി സഹകരണസംഘം | 788 | 11,12/19,1,2,3/20 | 3940 |
| T25 | അബ്ദുൾ മജീദ് | 1654 | 12/19 | 1654 |
| A5 | ശിവശങ്കരൻ. കെ | 2205 | 12/19 | 2205 |
| ആകെ | | | | 128687 |

2) നെഹ്റു സ്റ്റേഡിയം

| റൂം നമ്പർ | വാടകക്കാർ | മാസവാടക | അടവാക്കാനവശേഷിയ്ക്കുന്ന മാസം | അടവാക്കാൻ ശേഷിയ്ക്കുന്ന വാടക |
|---|---|---|---|---|
| G12 | അബ്ദുൾ അബിദീൻ | 5211 | 1/20 | 5211 |
| G13 | മുഹമ്മദ് ടി | 5211 | 1/20 | 5211 |
| G18 | മുഹമ്മദ് റഫീക്ക് | 5472 | 6/19 | 5472 |
| G21 | മനീഷ് കുമാർ | 2607 | 8,9,10/19 | 7821 |
| G23 | ബാബുരാജൻ.കെ | 5471 | 8/19 | 5471 |
| G28 | സുലേഖ | 2738 | 9,10,11,12/19 | 10952 |
| G31 | മുറവത്ത് കെ | 5211 | 3/20 | 5211 |
| | | | | |

| | | | | |
|---|---|---|---|---|
| G36 | ഖാദറലി | 5211 | 5,10/19,1/20 | 15633 |
| G41 | സ്പോട്സ് ക്ലബ് ലഭ്യമല്ല | 5211 | 8/19 | 5211 |
| ആകെ | | | | 66193 |

ഈടാക്കാൻ അവശേഷിയ്ക്കുന്ന 194880 (128687 + 66193) രൂപ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദ വിവരം പരിശോധനക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം.25/2019-20/ 22.2.22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അവശേഷിക്കുന്ന വാടക ഈടാക്കിയതിന്റെ വിശദാംശങ്ങൾ പ്രഥമ മറുപടിയിൽ തന്നെ ലഭ്യമാക്കേണ്ടതാണ്. വാടക അടവാക്കുന്നതിൽ വാടകക്കാർ കരാർ പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതും, സമയ ബന്ധിതമായി അടവാക്കുന്നതിൽ വീഴ്ച വരുത്തിയ വാടകക്കാരിൽ നിന്നും പിഴ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-16 വാർഷിക പദ്ധതിയുടെ ഭാഗമാക്കാതെ മരാമത്ത് പ്രവർത്തികൾ യഥേഷ്ടം നടപ്പാക്കുന്നു.

നഗരസഭയിൽ തനത് ഫണ്ട് വിനിയോഗിച്ചുള്ള മിക്ക മരാമത്ത് പ്രവൃത്തികളും പ്രൊജക്ട് രൂപീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിക്കാതെയാണ് നിർവ്വഹിച്ചിട്ടുള്ളത്. ഒരു തദ്ദേശഭരണ സ്ഥാപനം അതിന്റെ പ്രദേശത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന എല്ലാ വികസന പ്രവർത്തനങ്ങളും (വിഭവ സ്രോതസ്സ് ഏത് തന്നെ ആയിരുന്നാലും) പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ് എന്നും, പദ്ധതിയിൽ ഉൾപ്പെടുത്താതെ തനത് ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ ചെയ്യാൻ പാടില്ലായെന്നും അങ്ങിനെ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാങ്കേതികാനുമതി നൽകാൻ പാടില്ല എന്നും 13-ാം പദ്ധതി സംബന്ധിച്ച മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ, കണ്ടിജന്റ് ചെലവുകൾ, വെള്ളക്കരം, സ്ട്രീറ്റ് ലൈറ്റ് ചാർജ് തുടങ്ങിയ അനിവാര്യ/പൊതു ചുമതലകൾ നിറവേറ്റുന്നതിനാവശ്യമായ തുക മാറ്റിവെച്ച ശേഷം മിച്ചം വരുന്ന തനത് ഫണ്ട് വിഭവ സ്രോതസ്സായി പദ്ധതിയിൽ ഉൾപ്പെടുത്താൻ മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്. മിച്ച തനത്ഫണ്ടിന്റെ 25 ശതമാനം വിനിയോഗിച്ച് അടിയന്തിര സ്വഭാവമുള്ള മരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് മാത്രമാണ് ഇക്കാര്യത്തിൽ ഇളവ് നൽകിയിട്ടുള്ളത്.

വാർഡ് സഭ, വർക്കിങ്ങ് ഗ്രൂപ്പുകൾ, വികസന സെമിനാർ തുടങ്ങിയ വ്യവസ്ഥാപിത സംവിധാനത്തിലൂടെ രൂപീകരിക്കുന്ന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആവശ്യമായ ഫണ്ട് വകയിരുത്തി അംഗീകാരം നേടി നടപ്പിലാക്കേണ്ടതാണ് ഇത്തരം പ്രവൃത്തികൾ എന്ന് സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായിചെയർമാൻ/ബന്ധപ്പെട്ട കൗൺസിലർമാർ നൽകുന്ന കത്തിന്റെ അടിസ്ഥാനത്തിൽ നഗരസഭ കൗൺസിൽ ഭരണാനുമതി നൽകുകയും എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിക്കുകയുമാണ് ചെയ്യുന്നത്. വികേന്ദ്രീകൃതാസൂത്രണമെന്ന സങ്കൽപത്തിന് തന്നെ വിരുദ്ധമായ നടപടിയാണിത്. ഓഡിറ്റ് വർഷം പെറ്റി വർക്കുകൾ കൂടാതെ ആകെ 32 പ്രവൃത്തികൾക്കായി 14,92,59,321 രൂപ ഇത്തരത്തിൽ ചെലവഴിച്ചിട്ടുണ്ട്. ഇത് മൊത്തം വാർഷിക പദ്ധതിച്ചെലവിനേക്കാൾ കൂടുതലാണ് ( വാർഷിക പദ്ധതിച്ചെലവ്- 13കോടി 38 ലക്ഷം). റോഡ് കോൺക്രീറ്റിങ്, ടാറിങ് പ്രവൃത്തികളും ബസ്റ്റാന്റ് നിർമ്മാണം, ടൗൺഹാൾ നിർമ്മാണം, ആയുർവ്വേദാശുപത്രി നിർമ്മാണം,ഓഫീസ് നവീകരണം തുടങ്ങിയ വൻ തുക ചെലവ് വരുന്ന പ്രൊജക്ടുകളും ഇക്കൂട്ടത്തിൽ ഉൾപ്പെടുന്നു. ടി-പ്രവൃത്തികളൊന്നും അടിയന്തിര ഗണത്തിൽപെടുന്നവയല്ല. ഈ പ്രവൃത്തികളെല്ലാം തന്നെ ആവശ്യമായ സമയം നൽകി ടെണ്ടർ നടപടികളിലൂടെയാണ് നിർവ്വഹിച്ചിട്ടുള്ളത് എന്നതിനാൽ മേൽ പ്രവൃത്തികൾ അടിയന്തിര സ്വഭാവമുള്ളവയല്ല എന്ന് വ്യക്തമാക്കുന്നു.

ഓഡിറ്റ് വർഷം പദ്ധതിയുടെ ഭാഗമാക്കാതെ നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര. നം. | പ്രവൃത്തി | തുക | വൗച്ചർ നമ്പർ |
|---|---|---|---|
| 1 | മടശ്ശേരി കോളനി റോഡ് നിർമ്മാണം (വാർഡ് - 17) | 195020<br>194203 | 103/17-04-2019<br>115/20-04-2019 |
| 2 | കെ.ആർ.ബേക്കറി ടു ടാക്സി സ്റ്റാൻറ്, മാർക്കറ്റ് റോഡ് ടു ഹൈസ്കൂൾ ജം. റോഡ് കോൺക്രീറ്റിംഗ് | 210700 | 114/20-04-2019 |
| 3 | ശിവക്ഷേത്രം റോഡ് ടാറിംഗ് | 97667 | 117/20-04-2019 |
| 4 | മനഴി - തിരുവല്ലിക്കാട് റോഡ് കോൺക്രീറ്റിംഗ് | 245000 | 119/20-04-2019 |
| 5 | പൊന്നുളിപ്പടി റോഡ് ടാറിംഗ് | 171500 | 118/20-04- |

| | | | |
|---|---|---|---|
| | | | 2019 |
| 6 | മനപ്പടി റോഡ് ടാറിംഗ് | 220800 | 121/20-04-2019 |
| 7 | ഫയർ സ്റ്റേഷൻ റോഡ് റീടാറിംഗ് | 403199 | 122/20-04-2019 |
| 8 | അവിൽ മിൽ റോഡ് കോൺക്രീറ്റിംഗ് | 474050 | 124/20-04-2019 |
| 9 | കരിങ്കന റോഡ് ബാലൻസ് പോർഷൻ കോൺക്രീറ്റിംഗ് | 304660 | 125/20-04-2019 |
| 10 | താമരപ്പടി നിസ്കാരപ്പള്ളി റോഡ് റീടാറിംഗ് | 288000 | 137/26-04-2019 |
| 11 | അൽശിഫ ബൈപ്പാസ് ലിങ്ക് റോഡ് ടാറിംഗ് | 209280 | 154/29-04-2019 |
| 12 | ജൂബിലി റോഡ്-ജുമാമസ്ജിദ് ഖബറിസ്ഥാൻ റോഡ് കോൺക്രീറ്റിംഗ് | 200000 | 98/27-09-2019 |
| 13 | ചാലിയംകുളം റോഡ് ടാറിംഗ് | 199000 | 43/08-11-2019 |
| 14 | സുധീഷ് നഗർ - പുഷ്പഗിരി റോഡ് കോൺക്രീറ്റിംഗ് | 261445 | 45/08-11-2019 |
| 15 | കോ-ഓപ്പ്. സ്കൂൾ ഫ്ലാറ്റ് റോഡ് നിർമ്മാണം | 480768 | 66/24-12-2019 |
| 16 | ലൈഫ്മിഷൻ ഫ്ലാറ്റിലേക്ക് പുതിയ റോഡ് നിർമ്മാണം | 494145 | 71/26-12-2019 |
| 17 | പുതിയ ബസ്സ്റ്റാൻറിലേക്കുള്ള റോഡ് | 12,82,972 | 38/07-01-2020 |
| 18 | കപ്പുങ്ങൽപ്പടികാരക്കുളം റോഡ്, പൂഴിക്കുത്ത റോഡ് കോൺക്രീറ്റിംഗ് | 118663 | 86/25-02-2020 |
| 19 | തോട്ടശ്ശേരി റോഡ് കോൺക്രീറ്റിംഗ് | 198000 | 58/06-03-2020 |
| 20 | ഒലിങ്കര സഹകരണ സ്കൂൾ റോഡ് റീടാറിംഗ് | 200000 | 59/07-03-2020 |
| 21 | പുത്തൂരമ്പലം റോഡ് റീടാറിംഗ് | 250000 | 61/07-03-2020 |
| 22 | സഹകരണ സ്കൂൾ റോഡ് ബാലൻസ് പോർഷൻ കോൺക്രീറ്റിംഗ് | 420000 | 62/07-03-2020 |
| 23 | ജൂബിലി റോഡ്-ജുമാമസ്ജിദ് ഖബറിസ്ഥാൻ റോഡ് കോൺക്രീറ്റിംഗ് | 215000 | 63/07-03-2020 |
| 24 | MESഒറ്റക്കല്ലൻ റോഡ് കോൺക്രീറ്റിംഗ് | 265000 | 67/09-03-2020 |
| 25 | മുട്ടിപ്പല്ലം കളത്തിലക്കരെ റോഡ് നിർമ്മാണം | 297780 | 72/11-03-2020 |
| 26 | തേക്കിൻകാട്-കൈനിപ്പറമ്പ് പള്ളിയാൽ റോഡ് കോൺക്രീറ്റിംഗ് | 200000 | 115/31-03-2020 |
| 27 | ബസ്സ്റ്റാന്റ് നിർമാണം | 35283940 | 43/8.5.19 |
| 28 | ബസ്സ്റ്റാന്റ് നിർമാണം | 1857050 | 24/3.619 |
| 29 | ബസ്സ്റ്റാന്റ് നിർമാണം | 23750000 | 21/2.11.19 |
| 30 | ബസ്സ്റ്റാന്റ് നിർമാണം | 1250000 | 27/6.12.19 |
| 31 | ബസ്സ്റ്റാന്റ് നിർമാണം | 9021479 | 75/27.1219 |
| 32 | ബസ്സ്റ്റാന്റ് നിർമാണം | 70000000 | 108/29.1.20 |
| | ആകെ | 14,92,59,321 | |

ആവശ്യമായ ഫണ്ട് വകയിരുത്താതെയും ഫണ്ടിന്റെ നിലവിലെ അവസ്ഥ പരിശോധനവിധേയമാക്കാതെയും വൻ തുക ചെലവ് വരുന്ന മരാമത്ത് വർക്കുകൾ ഏറ്റെടുത്തതിനാൽ കരാറുകാർക്കും/ നിർവ്വഹണ ഏജൻസിക്കും പണം നൽകാൻ സാധിക്കാതെ പല വർക്കുകളും മുടങ്ങിക്കിടക്കുന്ന അവസ്ഥയാണുള്ളത്. ഇത് വളരെ ഗൗരവമർഹിക്കുന്നു. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

ക്രമ വിരുദ്ധമായി നഗരസഭാ ഫണ്ട് ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ 20/19-20/22-02-2022-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ചെലവ് തുക 14,92,59,321രൂപ തടസ്സം ചെയ്യുന്നു.

**1-17 സിംഗിൾ സെക്ഷൻ പ്രവൃത്തികൾക്ക് ട്രസ്സ് വർക്കിന്റെ നിരക്ക് നൽകി. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 9030രൂപ തിരിച്ചടവാക്കി.**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്ത പ്രവൃത്തിയിൽ കെട്ടിടത്തിന് മുകളിൽ ഷീറ്റ് വിരിക്കുന്നതിനായി സ്റ്റീൽ വർക്ക് ചെയ്തതിന് ട്രസ്സ് വർക്കിന് ബാധകമായ 50.10.1 പ്രകാരമുള്ള 137.46/കി.ഗ്രാം. നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം പ്രവൃത്തി സിംഗിൾ സെക്ഷൻ ആണ്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് 50.10.2 പ്രകാരമുള്ള 111.93/കി.ഗ്രാം. എന്ന നിരക്കാണ് നൽകാവുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| പുലരി അങ്കണവാടി പുനരുദ്ധാരണം (354/20)<br>ഫണ്ടിനം- സിഎഫ്.സി<br>കരാറുകാരൻ- ശ്രീ.മുഹമ്മദ് മുസ്തഫ. കെ.പി. | എക്സ്ട്രാ ഇനം-3<br>353.7 Kg | 48620<br>@137.46/Kg | 39590<br>@111.93/Kg | 9030 |

അധികം നൽകിയ തുകയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് ഓഡിറ്റ് എൻക്വയറി നമ്പർ- 18/2019-20/21.2.2022 നൽകിയതിനെ തുടർന്ന് അധിക തുക 9030 രൂപ രശീതി നമ്പർ- 121010119205/22.2.22 പ്രകാരം നഗരസഭാ ഫണ്ടിൽ തിരിച്ചടവാക്കി.

**1-18 മാന്വൽ ടെണ്ടറുകളിൽ സുതാര്യതയും മത്സരക്ഷമതയും ഉറപ്പ് വരുത്തുന്നില്ല.**

2019-20 വർഷത്തിൽ അംഗീകാരം ലഭിച്ച ഭൂരിപക്ഷം മരാമത്ത് പ്രവൃത്തികളും ടെണ്ടർ മുഖേനയാണ് നടത്തിയത്. അഞ്ച് ലക്ഷവും അതിന് മുകളിലും അടങ്കലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേനയും അതിൽ കുറവ് അടങ്കലുള്ളവ മാന്വൽ ടെണ്ടറും ആയാണ് പ്രവൃത്തികൾ ടെണ്ടർ ചെയ്തത്.

ടെണ്ടർ ഫയലുകൾ പരിശോധിച്ചതിൽ മാന്വൽ ടെണ്ടർ നടത്തിയ മുഴുവൻ പ്രവൃത്തികളിലും രണ്ട് കരാറുകാർ വീതം ടെണ്ടറിൽ പങ്കെടുക്കുകയും ഒരാൾ എസ്റ്റിമേറ്റ് നിരക്കും മറ്റൊരാൾ എസ്റ്റിമേറ്റിനെക്കാൾ ഉയർന്ന നിരക്കും ക്വോട്ട് ചെയ്ത് എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിൽ നടപ്പാക്കുകയുമാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഇ ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ പൊതുവെ മത്സര സ്വഭാവമുള്ള ടെണ്ടറുകളാണ് സമർപ്പിക്കപ്പെട്ടത് എന്നും പരിശോധനയിൽ വ്യക്തമായി.

ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം, ക്വോട്ട് ചെയ്ത നിരക്ക് എന്നിവ പരിശോധിച്ചതിൽ മാന്വൽ ടെണ്ടറുകളിൽ എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ നഗരസഭക്ക് പുറത്ത് വെച്ച് ധാരണയിലെത്തുന്നതായും ടെണ്ടർ സേവിംഗ്സ് ഇനത്തിൽ നഗരസഭയ്ക്ക് വരവ് ലഭിക്കാതിരിക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതായും വ്യക്തമാകുന്നു.

ഇത്തരത്തിലുള്ള ക്രമക്കേടുകൾ തടയുന്നതിനും ടെണ്ടറുകളിൽ പരമാവധി സുതാര്യതയും മത്സരക്ഷമതയും ഉറപ്പാക്കുന്നതിനും എല്ലാ പ്രവൃത്തികളും ഇ ടെണ്ടർ ചെയ്യുന്നതും, ടെണ്ടർ പരസ്യത്തിന് കൂടുതൽ പ്രചാരം നൽകുന്നതുമുൾപ്പെടെയുള്ള പ്രായോഗിക നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-19 പദ്ധതി തയ്യാറാക്കുമ്പോൾ തന്നെ ഇ- ടെണ്ടറിൽ നിന്നും ഒഴിവാകുന്നതിന് ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നു.**

5 ലക്ഷവും അതിന് മുകളിലും അടങ്കൽ ഉള്ള പ്രവൃത്തികൾ ഇ ടെണ്ടർ മുഖേന മാത്രമെ നടപ്പാക്കാവൂ എന്ന സർക്കാർ നിർദ്ദേശം ഉള്ളതിനാൽ പദ്ധതി രൂപീകരണ തലം മുതൽ നഗരസഭയിൽ ഇ ടെണ്ടർ ഒഴിവാക്കുന്നതിന് ബോധപൂർവ്വമായ ശ്രമങ്ങൾ നടക്കുന്നുണ്ട് എന്ന് പരിശോധനയിൽ വ്യക്തമായി.
ഇത് ബോധ്യപ്പെടുത്തുന്ന ഏതാനും വസ്തുതകൾ ചുവടെ ചേർക്കുന്നു.

1) അഞ്ച് ലക്ഷം എന്ന പരിധി കടക്കാതിരിക്കാൻ പ്രൊജക്ട് തയ്യാറാക്കുമ്പോൾ ബോധപൂർവ്വമായ ശ്രമം ഉണ്ടാവുന്നുണ്ട്. 490000 മുതൽ 499500 വരെ അടങ്കലുള്ള 59 പ്രൊജക്ടുകളാണ് തൻവർഷം അംഗീകരിക്കപ്പെട്ടത്.

2) ഭാഗികമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി പ്രവൃത്തികൾ വിഭജിച്ച് വ്യത്യസ്ത പ്രൊജക്റ്റുകൾ തയ്യാറാക്കി അഞ്ച് ലക്ഷത്തിൽ താഴെ അടങ്കൽ വരുന്ന രീതിയിൽ പ്രൊജക്റ്റ് തയ്യാറാക്കി ഇ ടെണ്ടർ ഒഴിവാക്കിയിട്ടുണ്ട് എന്നും വ്യക്തമായി.

ഉദാ-

| പ്രവൃത്തി | പ്രൊജക്റ്റ് നമ്പർ | അടങ്കൽ |
|---|---|---|
| മാനത്ത് മംഗലം ബൈപ്പാസ് റോഡ് നടപ്പാത നിർമ്മാണം രണ്ടാം ഘട്ടം | 447/20 | 499000 |
| മാനത്ത് മംഗലം ബൈപ്പാസ് റോഡ് നടപ്പാത നിർമ്മാണം- മൂന്നാം ഘട്ടം | 448/20 | 499000 |
| മാനത്ത് മംഗലം ബൈപ്പാസ് റോഡ് നടപ്പാത നിർമ്മാണം- നാലാം ഘട്ടം | 449/20 | 499000 |
| ഖരമാലിന്യ സംസ്കരണ പ്ലാന്റിലെ എം.ആർ.എഫ്. സെന്ററിന്റെ കവറിംഗ് പ്രവൃത്തി<br>ഫണ്ടിനം- തനത്<br>കരാറുകാരൻ- ശ്രീ. പി.പി.മുസ്തഫ. | വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ നടപ്പാക്കിയത് | 498000 |
| ഖരമാലിന്യ സംസ്കരണ പ്ലാന്റിലെ എം.ആർ.എഫ്. സെന്ററിന്റെ സൈഡ് കവറിംഗും പെയിന്റിംഗും<br>ഫണ്ടിനം- തനത്<br>കരാറുകാരൻ- ശ്രീ. പി.പി.മുസ്തഫ. | വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ നടപ്പാക്കിയത് | 465000 |
| ഖരമാലിന്യ സംസ്കരണ പ്ലാന്റിലെ പ്രധാന കെട്ടിടത്തിനും അനുബന്ധകെട്ടിടത്തിനുമിടയിൽ മേൽക്കൂര നിർമ്മാണവും പെയിന്റിംഗും<br>ഫണ്ടിനം- തനത്<br>കരാറുകാരൻ- ശ്രീ. പി.പി.മുസ്തഫ. | വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ നടപ്പാക്കിയത് | 410000 |
| ഖരമാലിന്യ സംസ്കരണ പ്ലാന്റിലെ അനുബന്ധകെട്ടിടത്തിന്റെ പുനരുദ്ധാരണംഫണ്ടിനം- തനത്<br>കരാറുകാരൻ- ശ്രീ- പി.പി.മുസ്തഫ. | വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ നടപ്പാക്കിയത് | 498000 |

മരാമത്ത് പ്രവൃത്തികൾ സുതാര്യമായും നഗരസഭക്ക് നഷ്ടമുണ്ടാവാത്തരീതിയിലും നടക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-20 ഡ്രൈനേജ് നിർമ്മാണം- സെന്ററിംഗ് ആന്റ് ഷട്ടറിംഗ് പ്രവൃത്തിക്ക് അധികം നൽകിയ 73947 രൂപ തിരിച്ചടവാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിന്റെ ഭാഗമായി ഡ്രൈനേജിന്റെ വശങ്ങൾ കോൺക്രീറ്റ് ചെയ്യുന്നതിന് വേണ്ടിയുള്ള സെന്ററിങ് പ്രവൃത്തിക്ക് DSRഡാറ്റ 4.3.2 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ഡ്രൈനേജിന് വേണ്ടി ഒന്നാം ഇനമായി എർത്ത് വർക്ക് ചെയ്ത് മണ്ണ് ഒഴിവാക്കിയ ശേഷമാണ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളത് എന്നതിനാൽ ഫൗണ്ടേഷൻ പ്രവൃത്തിക്ക് ബാധകമായ DSRഡാറ്റ 4.3.1 പ്രകാരമുള്ള നിരക്ക് മാത്രമാണ് ഇവിടെ സെന്ററിങ് പ്രവൃത്തിക്ക് നൽകാവുന്നത്. ലിന്റൽ, ബീം എന്നിവയുടെ സെന്ററിങ് പ്രവൃത്തിക്ക് ബാധകമായ- DSR 5.9.5- ഡാറ്റയിലും ഉയർന്ന നിരക്കാണ് 4.3.2 പ്രകാരമുള്ള ഡാറ്റയിൽ ഉള്ളത്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് അധിക തുക ചുവടെ ചേർത്തിട്ടുള്ള വിധം തിരിച്ചടവാക്കി.

| പ്രവൃത്തി വിശദാംശം | ഓഡിറ്റ് എൻക്വയറി നമ്പർ | അധികം നൽകിയ/ തിരിച്ചടവാക്കിയ തുക | രശീതി നമ്പർ |
|---|---|---|---|
| ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ വെള്ളക്കെട്ട് നീക്കൽ, ഡ്രൈനേജ് നിർമ്മാണം ( പ്രൊജക്ടില്ലാതെ ചെയ്തത്)<br>കരാറുകാരൻ ശ്രീ. പി.പി.മുസ്തഫ, | 16/2019-20/19.2.22 | 64144 | 121010119203/22.2.22 |
| അമ്പലപ്പറമ്പ് മുതൽ കുറുപ്പത്ത് ട്രാൻസ്ഫോർമർ വരെ റോഡ് പുനരുദ്ധാരണം ( 286/20)<br>കരാർ 21/18.08.2018<br>കരാറുകാരൻ ശ്രീ. വി.വീരാൻകുട്ടി | 2/2019-20/16.2.22 | 9803 | 121010119197/22.2.22 |
| ആകെ | | 73947 | |

## 1-21 ഡ്രൈനേജ് നിർമ്മാണം -അധികം നൽകിയ 21718 രൂപ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരിച്ചടവാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെ പറയു ന്ന പ്രവൃത്തികളിൽ ഡ്രൈനേജിനുള്ള Centering And Shuttering ന് Plinth Level വരെയുള്ള നിരക്കായ 5.9.1 ന് പകരം Suspended Floor,Landings,Balconies എന്നിവക്കുള്ള നിരക്കായ DSR 5.9.3പ്രകാരമുള്ള നിരക്ക് നൽകിയത് മൂലം അധികം നൽകിയ തുക ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തിരിച്ചടച്ചു. വിശദ വിവരം താഴെ നൽകുന്നു.

| പ്രവൃത്തി വിശദാംശം | ഓഡിറ്റ് എൻക്വയറി നമ്പർ | അധികം നൽകിയ/ തിരിച്ചടവാക്കിയ തുക | രശീതി നമ്പർ |
|---|---|---|---|
| 1. അമ്പലപ്പറമ്പ് മുതൽ കുറുപ്പത്ത് ട്രാൻസ്ഫോർമർ വരെ റോഡ് പുനരുദ്ധാരണം ( 286/20)<br>കരാറുകാരൻ ശ്രീ. വി.വീരാൻകുട്ടി | 15/2019-20/19.02.22 | 5484 | 121010118954/22.2.22 |
| 2. ഒസ്സാരക്കുണ്ട് ഡ്രൈനേജ് കവർ സ്ലാബ് നിർമ്മാണം (വാർഡ്-25)<br>കരാറുകാരൻ - ശ്രീ. വിനോജ്. വി.ജെ. | 15/2019-20/19.02.22 | 16234 | 121010119204/22.2.22 |
| | ആകെ | 21718 | |

**1-22 ഫണ്ടിന്റെ ലഭ്യത പഠനവിധേയമാക്കാതെ തനത് ഫണ്ടിൽ നിന്നും വൻതുക മരാമത്ത് പ്രവൃത്തികൾക്കായി പദ്ധതിയിൽ വകയിരുത്തുന്നു.**

നഗരസഭയിൽ നിക്ഷിപ്തമായ അനിവാര്യ ചുമതലകൾ നിർവ്വഹിക്കുന്നതിനും അനുവദനിയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബഡ്ജറ്റിൽ മാറ്റി വെച്ച ശേഷം മിച്ചമുള്ള തുകയാണ് തനത് ഫണ്ട് എന്ന സ്രോതസ്സായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. എന്നാൽ നഗരസഭ അനിവാര്യ ചെലവുകൾക്ക് തനത് ഫണ്ടിൽ നിന്നും ആവശ്യമായത്ര തുക നീക്കി വെക്കാതെ മിച്ചമുള്ള തനത് ഫണ്ട് മുഴുവൻ പദ്ധതിയിലുൾപ്പെടുത്തി മരാമത്ത് പ്രവൃത്തികൾക്ക് വേണ്ടി വകയിരുത്തുന്നു. ഇക്കാരണത്താൽ പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികൾക്ക് നൽകാൻ പണമില്ലാതിരിക്കുകയും തനത് ഫണ്ട് വിഹിതം വർഷങ്ങൾ കഴിഞ്ഞ് നൽകേണ്ടതായ അവസ്ഥ സംജാതമാകുകയും ചെയ്തിട്ടുണ്ട്. 2017-18 ൽ പൂർത്തികരിച്ച വർക്കുകളുടെ തനത് ഫണ്ട് വിഹിതം 2019-20 ലാണ് നൽകിയിട്ടുള്ളത്.

2019-20, 20-21 വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾക്കായി പദ്ധതിയിൽ വകയിരുത്തിയ തനത് ഫണ്ടിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതിയിൽ വകയിരുത്തിയ തനത് ഫണ്ട് | സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് തുക |
|---|---|---|
| 2019-20 | 5,22,61,735 | 45,54,841 |
| 2020-21 | 4,46,08,674 | 66,14,560 |

മുൻ വർഷങ്ങളിൽ പൂർത്തീകരിച്ച പ്രവൃത്തികൾക്ക് നൽകുവാനുള്ള തനത് ഫണ്ട് വിഹിതം നൽകുന്നതിന് സ്പിൽഓവർ പ്രോജക്ട് ആയി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് വകയിരുത്താതെയാണ് ഓഡിറ്റ് വർഷങ്ങളിൽ ഇത്തരം ചെലവുകൾ നടത്തിയിട്ടുള്ളത്. ടി ചെലവുകൾ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിൽ ചെലവായി ബുക്ക് ചെയ്തിട്ടുമില്ല. ഇത്തരത്തിൽ പെയ്മെന്റ് നൽകിയതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പ്രവൃത്തി പൂർത്തീകരിച്ച തിയതി | നൽകിയ തനത് ഫണ്ട് വിഹിതം | ചെക്ക് നമ്പർ |
|---|---|---|---|
| കുട്ടിപ്പാറ ബൈലൈൻ കോൺക്രീറ്റിംഗ്<br>പ്രൊജക്ട് - 301/18<br>കരാറുകാരൻ- ശ്രീ. നവീൻ ഹർഷൽ<br>ടി.എസ്- 490000<br>സിഎഫ്സി- 300000, തനത്- 190000<br>പ്രവൃത്തി മൂല്യം- 483449<br>എംബുക്ക്- 89/17-18 | 1-3-2018 | 179779 | 287693/18.4.2019 |
| പൊന്നുള്ളിപ്പടി റോഡ് ടാറിംഗ്<br>പ്രൊജക്ട് - 271/18<br>കരാറുകാരൻ- ശ്രീ. അബ്ദുൽ മജീദ്.ടി.കെ.<br>ടി.എസ്- 375000<br>സിഎഫ്സി- 200000, തനത്- 175000<br>പ്രവൃത്തി മൂല്യം- 375000<br>എംബുക്ക്- 258/17-18 | 17-3-2018 | 171500 | 291404/20.4.2019 |
| മാടശ്ശേരി കോളനി റോഡ് കോൺക്രീറ്റിംഗ്<br>പ്രൊജക്ട് - 241/18<br>കരാറുകാരൻ- ശ്രീ. മുഹമ്മദ് മുസ്തഫ .കെ. | 16-3-2018 | 194203 | 291403/20.4.2019 |

| | | | |
|---|---|---|---|
| ടി.എസ്- 499000<br>സിഎഫ്സി- 300000, തനത്- 199000<br>പ്രവൃത്തി മൂല്യം- 498167<br>എംബുക്ക്- 192/17-18 | | | |
| നാരങ്ങാക്കണ്ട് കിടങ്ങ് വെള്ളക്കെട്ട് നീക്കൽ<br>പ്രൊജക്ട് - 169/18<br>കരാറുകാരൻ- ശ്രീ. എം.ഹസ്സർ<br>ടി.എസ്- 495000 (തനത്)<br>പ്രവൃത്തി മൂല്യം- 477910 | 15-9-2018 | 458794 | 291412/20.4.2019 |

പ്രവൃത്തി പൂർത്തിയാക്കി രണ്ടാഴ്ചക്കുള്ളിൽ അളവെടുത്ത് ബില്ലെഴുതുകയും ബിൽ ലഭിച്ച് ഒരാഴ്ചക്കുള്ളിൽ പണം നൽകുന്നതാണെന്നും നഗരസഭ കരാറുകാരുമായി ചമച്ചിട്ടുള്ള കരാറുടമ്പടിയിൽ വ്യക്തമാക്കുന്നുണ്ട്. (കരാർ ക്രമ നമ്പർ-13) ഇപ്രകാരം കരാറുണ്ടായിട്ടും വർഷങ്ങൾക്ക് ശേഷമാണ് കരാറുകാർക്ക് പെയ്മെന്റ് പൂർണ്ണമായി നൽകുന്നത്.

നഗരസഭയുടെ തനത് ഫണ്ടിൽ ഗണ്യമായ കുറവ് വന്നിട്ടും ഫണ്ടിന്റെ ലഭ്യത പഠന വിധേയമാക്കാതെ തനത് ഫണ്ട് വാർഷിക പദ്ധതിയിലുൾപ്പെടുത്തുന്നതിനാലാണ് ഇപ്രകാരം യഥാസമയം പണം നൽകാൻ കഴിയാതിരുന്നത്.

പൂർത്തീകരിച്ച മരാമത്ത് പ്രവൃത്തികൾക്ക് യഥാസമയം പണം നൽകാൻ കഴിയാത്ത സാഹചര്യം സംജാതമായതിന് കാരണം വിശദമാക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ 3/16.2.2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-23 കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിൽ പരിമിതപ്പെടുത്താതെ ബിൽ തുക നൽകി. 4144 രൂപ തിരിച്ചടവാക്കി.

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കള്ളത്ത് ലക്ഷംവീട് അങ്കണവാടി നിർമ്മാണം എന്ന പ്രവൃത്തിയിൽ കരാറുകാരന് ഫൈനൽ ബിൽ നൽകിയപ്പോൾ കരാറുകാരൻ ക്വാട്ട് ചെയ്ത നിരക്കിൽ പരിമിതപ്പെടുത്താതെ തുക നൽകി. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക നഗരസഭാ ഫണ്ടിൽ തിരിച്ചടവാക്കി.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഓഡിറ്റ് എൻക്വയറി നമ്പർ | അധികം നൽകിയ തുക | രശീതി നമ്പർ |
|---|---|---|---|
| പ്രവൃത്തി- കള്ളത്ത് ലക്ഷംവീട് അങ്കണവാടി നിർമ്മാണം<br>പ്രൊജക്ട് നമ്പർ- 64/20<br>കരാറുകാരൻ - ശ്രീ. പി.പി. മുസ്തഫ, | 4/19-20/16.2.22 | 4144 | 121010119198/22.2.2 |

## 1-24 കുടിവെള്ള വിതരണം - അപാകതകൾ

കുടിവെള്ള വിതരണത്തിന് 2019-20 വർഷത്തിൽ ചെലവഴിച്ച തുകയുടെ വിവരം താഴെ നൽകുന്നു.

വൗച്ചർ നം.32/06-05-2019 : 1,32,594

വൗച്ചർ നം.78/17-05-2019 : 8,01,591

വൗച്ചർ നം.46/12-06-2019 : 3,19,431

വൗച്ചർ നം.79/23-07-2019 : 2,91,305

വൗച്ചർ നം.94/27-09-2019 : 72,814

വൗച്ചർ നം.73/27-12-2019 : 8,31,971

--------

2449706

നഗരസഭയിലെ ജലക്ഷാമം രൂക്ഷമായ വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ക്ഷണിച്ച ടെണ്ടറിന് ശ്രീ. അബ്ദുൽ ഗഫൂർ, തങ്കയത്തിൽ സമർപ്പിച്ച ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത് (41 പൈസ/

ലിറ്റർ). ആയതിന്റെ നിർവ്വഹണ രേഖകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു-

1. GPS സംവിധാനം ഉള്ള വാഹനത്തിലാണ് കുടിവെള്ള വിതരണം നടത്തേണ്ടത് എന്ന് 02.03.2019 ലെ സ.ഉ.(സാധാ) 500/2019/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അപ്രകാരമുള്ള ട്രിപ്പ് ഷീറ്റ് അല്ല ലഭ്യമാക്കിയിട്ടുള്ളത്. മാത്രമല്ല, ട്രിപ്പ് ഷീറ്റുകൾ വാർഡ് കൗൺസിലർ, വില്ലേജ് ഓഫീസർ എന്നിവർ കൂടി സാക്ഷ്യപ്പെടുത്തേണ്ടതുണ്ടെങ്കിലും ആയത് ചെയ്തിട്ടില്ല.

2. കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും വെള്ളം വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല.

3. അഞ്ച് ലക്ഷം രൂപക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ഇ ടെണ്ടർ നടപടി സ്വീകരിക്കണമെന്ന് Go(Ms)No.13/2015/ITD/12.05.2015 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ 16,50,000 രൂപ ചെലവഴിക്കാൻ അനുമതി ഉള്ള മേൽ പ്രവൃത്തി ഇ-ടെണ്ടർ ചെയ്തിട്ടില്ല.

4. ദുരന്ത നിവാരണ വകുപ്പിന്റെ സർക്കുലർ നം. ഡി.എം.ബി.-2/32/2019/ഡി.എം.ഡി/20-03-2019 പ്രകാരം, സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും കുടിവെള്ളം വിതരണം ചെയ്തതിനുള്ള തുക റിക്കൂപ്പ് ചെയ്ത് ലഭിക്കണമെങ്കിൽ ജില്ലാ കലക്ടറുടെ മുൻകൂർ അനുമതി ലഭ്യമാകേണ്ടതുണ്ട്. എന്നാൽ അപ്രകാരം അനുമതി ലഭ്യമാക്കാതെ തനത് ഫണ്ട് വിനിയോഗിച്ചത് നഗരസഭക്ക് സാമ്പത്തിക ബാധ്യത ഉണ്ടാക്കി.

5. വിതരണത്തിനായി ഉപയോഗിക്കുന്ന ഉപയോഗിക്കുന്ന ജലസ്രോതസ്സുകളിൽ മലിനീകരണം ഇല്ല, ഉപയോഗ യോഗ്യമാണ് എന്ന് KWAയോ, ഭക്ഷ്യസുരക്ഷാ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ അപ്രകാരമുള്ള പരിശോധനകളൊന്നും നടത്തിയിട്ടില്ല.

**അപാകതകൾക്ക് മറുപടി** ലഭ്യമാക്കുന്നത് വരെ ചെലവ് തുക 24,49,706 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25 ബാർകോഡ് പതിച്ച ഗ്രീൻകാർഡ്- അപാകതകൾ

വൗച്ചർ നം. 110/28-05-2019 : 1,96,000

വൗച്ചർ നം. 68/20-06-2019 : 53,900

വൗച്ചർ നം. 54/16-01-2020 : 88,200

----------

338100

നഗരസഭ ജീവനം പദ്ധതിയുടെ ഭാഗമായും, നഗരസഭയുടെ എല്ലാ സേവനങ്ങൾക്കും ഉപയോഗിക്കാവുന്ന രീതിയിലുമുള്ള ബാർകോഡ് പതിച്ച ഗ്രീൻകാർഡ് എല്ലാ വീടുകളിലേക്കും വിതരണം ചെയ്യുന്നതിനായി മേൽ വൗച്ചറുകൾ പ്രകാരം ലഭ്യമായ ക്വട്ടേഷനുകളിൽ നിന്ന് തെരഞ്ഞെടുത്ത ബെൻസി ക്രിയേഷൻസ്, പെരിന്തൽമണ്ണക്ക് 15,000 കാർഡുകളുടെ വില 23 രൂപ നിരക്കിൽ ആകെ 3,45,000 രൂപയിൽ IT കുറവ് ചെയ്ത ശേഷം 3,38,100 രൂപ നൽകിയിട്ടുണ്ട്. (ഫയൽ നം. H2-23847/18) പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല-

1. ഇപ്രകാരം തുക ചെലവഴിക്കുന്നതിന് ലഭിച്ച അനുമതി വിവരം.

2. ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ പ്രകാരം വ്യാപകമായ പ്രചാരണം നൽകാതിരുന്നതിന് കാരണം.

3. 15,000 കാർഡുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം.

4. നഗരസഭയിലെ പൊതുജനം ഏതെല്ലാം സേവനങ്ങൾക്കാണ് കാർഡ് ഉപയോഗപ്പെടുത്തുന്നത് എന്നതിന്റെ വിവരം.

5. തുക നൽകുമ്പോൾ TDS ഇനത്തിൽ 2% GST കുറവ് ചെയ്യാതിരുന്നതിന്റെ കാരണം

പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ എന്തെങ്കിലും മുന്നൊരുക്കങ്ങൾ നഗരസഭ സ്വീകരിച്ചതായി ഫയലിലില്ല. ആയതിനാൽ പദ്ധതി നിഷ്ഫലമായ ചെലവായി അവശേഷിക്കുന്നു. പദ്ധതി ഫലപ്രാപ്തിയിലെത്തുന്നതിന് നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. (26/19-20/22-02-2022-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല)

അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നത് വരെ ചെലവ് തുക 338100 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-26 തെരുവ് വിളക്കുകളുടെ റിപ്പയറിനുള്ള AMC- അപാകതകൾ

ഫയൽ നം. PW1-11957/2010

തെരുവ് വിളക്കുകളുടെ റിപ്പയറിനുള്ള AMC ചാർജ്ജിനത്തിൽ ശ്രീ.ഇ.ചന്ദ്രൻ, ഇലക്ട്രിക്കൽ കോൺട്രാക്ടർക്ക് 2019-20 വർഷത്തിൽ ഏപ്രിൽ മുതൽ 05-08-2019വരെ, മാസം 2,10,66 രൂപ കണക്കാക്കി തുക നൽകിയിട്ടുണ്ട്. ആയതിന്റെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു-

1. 2017-18 വർഷത്തിൽ തെരുവ് വിളക്കുകളുടെ റിപ്പയറിനുള്ള AMCക്കായി ടെണ്ടർ ക്ഷണിച്ചപ്പോൾ ശ്രീ.ദീപക്.ഇ, ശ്രീ.ചന്ദ്രൻ. ഇ എന്നീ രണ്ട് പേരുകളിലുമുള്ള ടെണ്ടർ മാത്രമാണ് ലഭിച്ചത്. ആയതിൽ 25,28,000രൂപ രേഖപ്പെടുത്തിയ ശ്രീ.ചന്ദ്രൻ.ഇ യെ തെരഞ്ഞെടുത്തു. പ്രസ്തുത AMCയുടെ കാലാവധി 21-09-2018 വരെയായിരുന്നു. ആയതിന് ശേഷം ടെണ്ടർ ക്ഷണിച്ച് ശ്രീ. പ്രദീപ്.ഇ. തെരഞ്ഞെടുക്കപ്പെട്ട് പുതിയ AMC നിലവിൽ വരുന്ന 07-08-2019വരെ ഒരു വർഷത്തോളം ടെണ്ടർ നടപടികളൊന്നും കൂടാതെ ഇതേ കരാറുകാരന് തന്നെ തുകകൾ നൽകുകയാണ് ചെയ്തത്. 2019-20 വർഷത്തിൽ ശ്രീ. ഇ.ചന്ദ്രൻ, കോൺട്രാക്ടർക്ക് ടെണ്ടർ നടപടികൾ കൂടാതെ നൽകിയ 939573/-രൂപ തടസ്സം ചെയ്യുന്നു.

2. തെരഞ്ഞെടുക്കപ്പെട്ട കോൺട്രാക്ടർ ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്ക് താഴെ കാണും പ്രകാരമാണ്:

| ക്ര.നം. | വിളക്കുകളുടെ ഇനം | നിരക്ക് | എണ്ണം |
|---|---|---|---|
| 1 | 40W Single Fluorescent Light | 540 | 520 |
| 2 | 20W CFL | 600 | 1550 |
| 3 | 2X11W 4 Pin CFL | 600 | 694 |
| 4 | 40X2W CFL | 600 | 70 |
| 5 | 2X11W Single Fluorescent Light | 600 | 250 |
| 6 | 120W LED Light | 1800 | 36 |
| 7 | 20W LED Light | 900 | 19 |
| 8 | 45W LED Light | 1200 | 100 |
| 9 | Sodium Vapour Lamp | 2100 | 265 |

ഓരോ മാസവും തുകകൾ നൽകുന്നതിന് മുമ്പായി Maintenance Report തയ്യാറാക്കി ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല, വിളക്കുകൾ റിപ്പയർ ചെയ്തത് സംബന്ധിച്ച് വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്ക് പ്രകാരം, റിപ്പയർ ചെയ്ത വിളക്കുകളുടെ എണ്ണം അനുസരിച്ചുള്ള തുകയാണ് നൽകേണ്ടത്. എന്നാൽ ആയത് പരിശോധിക്കാതെ, ടെണ്ടറിൽ രേഖപ്പെടുത്തിയ ആകെ തുക ഓരോ മാസത്തേക്കുമുള്ള തുല്യ ഗഡുക്കളായി നൽകുകയാണ് ചെയ്തിട്ടുള്ളത്.

3. പ്രവൃത്തി നടത്തുന്നതിന് KSEB യിൽ നിന്നും അനുവാദം ലഭ്യമായതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

4. ഉപയോഗ ശൂന്യമായ വിളക്കുകളും അനുബന്ധ സാമഗ്രികളും നഗരസഭയിൽ തിരിച്ചേൽപ്പിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

5. പ്രവൃത്തി ചെയ്ത കോൺട്രാക്ടറുടെ ലൈസൻസ് പരിശോധനക്ക് ലഭ്യമായിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. (09/19-20/19-02-2022-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-27 പ്രൊഫഷണൽ സർവ്വീസസിന് 10% തുക ഐ.ടി.ഈടാക്കേണ്ടതാണ്

നഗരസഭയിലെ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിൻെറ സ്ട്രക്ചറൽ ഡിസൈൻ, ആർക്കിടെക്ചറൽ ഡ്രോയിംഗ്, എസ്റ്റിമേറ്റ് എന്നിവയുടെ ചാർജ്ജിനത്തിൽ ഗവ.എഞ്ചിനീയറിംഗ് കോളേജ് തൃശ്ശൂരിന് 4,80,000രൂപ നൽകിയിട്ടുണ്ട്. ആകെ തുക 5,00,000 രൂപയിൽ നിന്ന് 2% വീതം GST, IT (20,000 രൂപ) എന്നിവ കുറവ് ചെയ്താണ് 4,80,000രൂപ 121/29-05-2019 -ാം നമ്പർ വൗച്ചർ പ്രകാരം നൽകിയിട്ടുള്ളത്. ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194J പ്രകാരം പ്രൊഫഷണൽ സർവ്വീസസിന് 10% തുക (50,000 രൂപ) TDS ഇനത്തിൽ കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ 10,000 രൂപ (2%)മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്. അവശേഷിക്കുന്ന 8% തുക കൂടി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-28 ഡ്രൈനേജ് നിർമ്മാണം- സെന്ററിംഗ് ആന്റ് ഷട്ടറിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിന്റെ ഭാഗമായി ഡ്രൈനേജിന്റെ വശങ്ങൾ കോൺക്രീറ്റ് ചെയ്യുന്നതിന് വേണ്ടിയുള്ള സെന്ററിങ് പ്രവൃത്തിക്ക് DSRഡാറ്റ 4.3.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഡ്രൈനേജിന് വേണ്ടി ഒന്നാം ഇനമായി എർത്ത് വർക്ക് ചെയ്ത് മണ്ണ് ഒഴിവാക്കിയ ശേഷമാണ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളത് എന്നതിനാൽ ഫൗണ്ടേഷൻ പ്രവൃത്തിക്ക് ബാധകമായ DSRഡാറ്റ 4.3.1 പ്രകാരമുള്ള നിരക്ക് മാത്രമാണ് ഇവിടെ സെന്ററിങ് പ്രവൃത്തിക്ക് നൽകാവുന്നത്. ലിന്റൽ, ബീം എന്നിവയുടെ സെന്ററിങ് പ്രവൃത്തിക്ക് ബാധകമായ- DSR 5.9.5- ഡാറ്റയിലും ഉയർന്ന നിരക്കാണ് 4.3.2 പ്രകാരമുള്ള ഡാറ്റയിൽ ഉള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് പുസ്തകം പ്രകാരം അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| മുംതാസ് ക്ലിനിക്ക് റോഡ് റീടാറിംഗ് $ കൾവെർട്ട് നിർമ്മാണം ( 279//20)<br>ടി.എസ്- 499000<br>ടി.എസ്. നമ്പർ- 27155/2018-19<br>കരാറുകാരൻ<br>ശ്രീ. നവീൻ ഹർഷൽ. കെ.<br>ബിൽ 22/21.06.2019, തുക 495304രൂപ<br>ഫണ്ടിനം- ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>അളവ് പുസ്തകം -81/18-19<br>DSR 2016 Cost Index 37.25% | എക്സ്ട്രാ ഇനം-2<br>111.40$^{m2}$ | 57752<br>നിരക്ക്<br>519.63/M$^2$ | 29654<br>@266.19/M$^2$ | 28098 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 2/16.2.22 നുള്ള മറുപടിയിൽ തുക അടവാക്കുന്നതിന് കരാറുകാരന് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത് . അധിക തുക തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-29 ഒറിജിനൽ രശീതി ഹാജരാക്കുന്നത് വരെ 20,36,666 രൂപ തടസ്സം ചെയ്യുന്നു.

ഒറിജിനൽ രശീതി ഹാജരാക്കാതെ താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം ഡെപ്പോസിറ്റ് തുകകൾ തിരികെ നൽകിയിട്ടുണ്ട് . ഒറിജിനൽ രശീതി ഹാജരാക്കിയിട്ടില്ലെങ്കിൽ ബോണ്ടിന്റെയടിസ്ഥാനത്തിലാണ് തുക തിരികെ നൽകേണ്ടത്. എന്നാൽ ഇപ്രകാരം ബോണ്ടോ സത്യവാങ്മൂലമോ ഇല്ലാതെയാണ് ഡെപ്പോസിറ്റ് തുകകൾ തിരികെ നൽകിയിട്ടുള്ളത്.

| ക്ര. നം. | പേര് | വൗച്ചർ നം. | തുക |
|---|---|---|---|
| 1 | ശ്രീ. അബ്ദുൽ ഷംസു, പാറപ്പുറത്ത് | 270/04-06-2019 | 10,00,000 |
| 2 | ശ്രീ. അബ്ദുൽ ലത്തീഫ്, കണക്കഞ്ചീരി | 162/04-06-2019 | 2,000 |
| 3 | ശ്രീ. അലി. എ | 96/27-06-2019 | 1,89,666 |
| 4 | ശ്രീ. അബ്ദുൽ ഷംസു, പാറപ്പുറത്ത് | 94/25-07-2019 | 8,45,000 |
| | ആകെ | | 2036666 |

നടപടി ക്രമങ്ങൾ പാലിക്കാതെ തുക നൽകിയതിനാൽ ഒറിജിനൽ രശീതി ഹാജരാക്കുന്നത് വരെ 20,36,666 രൂപ തടസ്സം ചെയ്യുന്നു.

## 1-30 അനുബന്ധ രേഖകൾ പരിശോധനക്കായി ഹാജരാക്കിയില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ/ ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 38/04-04-2019 | തോട്ടക്കരപ്പടി(വാർഡ്-26) ലൈൻ ഷിഫ്റ്റിംഗിനായി അസി.എഞ്ചിനീയർ, ഇല.സെക്ഷൻ, KSEB Ltd, പെരിന്തൽമണ്ണക്ക് നൽകിയത് | 145646 | KSEB Ltd, പെരിന്തൽമണ്ണയിൽ നിന്നുള്ള രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 2 | 101/17-04-2019 | ഒലിങ്കര ഭവന സമുച്ചയത്തിലേക്കുള്ള 3 ഫേസ് ലൈൻ വലിക്കൽ | 1,88,421 | |
| 3 | 160/04-06-2019 | കിളിയമണ്ണിൽ റോഡ് (വാർഡ്-5) ലൈൻ എക്സ്റ്റൻഷൻ | 39,585 | |
| 4 | 41/12-06-2019 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(വാർഡ്-17) | 12,441 | |
| 5 | 43/19-08-2019 | എരവിമംഗലം വുമൺസ് ഹോസ്റ്റലിന് സമീപം (വാർഡ്-20) ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 18,402 | |
| 6 | 46/11-11-2019 | മട്ടപ്പറമ്പ് റോഡ് (വാർഡ്-20) ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 20,615 | |
| 7 | 96/31-12-2019 | HTലൈൻ മാറ്റി സ്ഥാപിക്കൽ | 9,00,430 | |
| 8 | 26/06-01-2020 | കിഴങ്ങത്തോൾ കുടിവെള്ള പദ്ധതി LT ലൈൻ മാറ്റി സ്ഥാപിക്കൽ | 29,740 | |
| 9 | 53/16-01-2020 | ചേതന ട്രാൻസ്ഫോർമർ റിഅറേഞ്ചിങ്ങും,LT ലൈൻ മാറ്റി സ്ഥാപിക്കലും | 1,43,740 | |
| 10 | 87/25-02-2020 | ചീരട്ടമണ്ണ ബൈപ്പാസ് ഹെൽത്ത് സെൻറർ റോഡ് ലൈൻ മാറ്റി സ്ഥാപിക്കൽ | 76,012 | |
| 11 | 100/24-05-2019 | തേക്കിൻകോട്-ഹരിതരകൻ റോഡ് കുടിവെള്ള പദ്ധതി. പൈപ്പ് ലൈൻ നീട്ടൽ | 2,60,000 | കേരള ജല അതോരിറ്റി, പി.എച്ച്.ഡിവിഷൻ, മലപ്പുറത്തിൽ നിന്നുള്ള രശീതി, വിനിയോഗ സാക്ഷ്യപത്രം |
| 12 | 94/17-03-2020 | വട്ടപ്പാറ (വാർഡ്-30) കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 9,50,000 | |
| | | ആകെ | 2785032 | |

രേഖകൾ പരിശോധനക്കായി ഹാജരാക്കുന്നത് വരെ ചെലവ് തുക 27,85,032 രൂപ തടസ്സം ചെയ്യുന്നു.

## 1-31 സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും യഥാസമയം തുക ലഭിക്കുന്നില്ല

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡി.സി.ആർ.ജി ബെനഫിറ്റ്) ചട്ടങ്ങൾ പ്രകാരം ജീവനക്കാരുടെ മൊത്ത വരുമാനത്തിന്റെ 15% തുക അതാത് മാസത്തെ ശമ്പള ബില്ലിനോടൊപ്പം മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് ആ മാസം 25-ാം തീയതിക്ക് മുൻപ് നഗരകാര്യ ഡയറക്ടറുടെ പേരിൽ ഡി.ഡി യായി സെൻട്രൽ പെൻഷൻ ഫണ്ടിൽ അടക്കേണ്ടതും അനുവദനീയമായ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനാവശ്യമായ തുക നഗരകാര്യ ഡയറക്ടർ ഇതിൽ നിന്നും അതാതു നഗരസഭകളുടെ മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് നൽകേണ്ടതുമാണ്. എന്നാൽ പെരിന്തൽമണ്ണ നഗരസഭ പെൻഷൻ വിഹിതം മാസം തോറും സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുകയും പ്രതിമാസം നൽകേണ്ട പെൻഷൻ, നഗരസഭയുടെ തനതു ഫണ്ടിൽ നിന്ന് യഥാസമയം വിതരണം ചെയ്യുകയുമാണ് ചെയ്തു വരുന്നത്. നഗരകാര്യ ഡയറക്ടറുടെ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും മുനിസിപ്പൽ ഫണ്ടിലേക്ക് മുഴുവൻ തുകയും ലഭിച്ചിട്ടില്ല. 2019-20 വരെയുള്ള സ്ഥിതി വിവരക്കണക്ക് താഴെ ചേർക്കുന്നു.

| വർഷം | CPF ൽ നിന്നും ലഭിക്കേണ്ട തുക | ലഭിച്ച തുക | ലഭിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|
| 31-03-2012 വരെ | 60,17,983 | - | 60,17,983 |
| 2012-13 | 2049258 | - | 20,49,258 |
| 2013-14 | 3917487 | 20,00,000 (ഡിഡി നം.572848/ 25-10-13) | 19,17,487 |
| 2014-15 | 3225401 | | 32,25,401 |
| 2015-16 | 4344458 | | 43,44,458 |
| 2016-17 | 4119561 | | 41,19,561 |
| 2017-18 | 4194976 | 60,43,054 | (-)18,48,078 |
| 2018-19 | 4613013 | 12,30,178 | 33,82,835 |
| 2019-20 | 8398571 | 0 | 8398571 |
| **Total** | | | **33455554** |

സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാൻ അവശേഷിക്കുന്ന ₹ **33455554**/- ലഭ്യമാക്കുന്നതിന് തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

കേരള മുനിസിപ്പാലിററി കണ്ടിൻജന്റ് എംപ്ളോയീസ് (ഡെത്ത് -കം- റിട്ടയർമെൻറ് ബെനഫിററ്) ചട്ടങ്ങൾ 1997 (ജി.ഒ.(പി)96/97/എൽ.എ.ഡി.തീ.3.5.1997), പ്രകാരമുള്ള ഫുൾ ടൈം കണ്ടിൻജന്റ് എംപ്ളോയീസിനു വേണ്ടി പെൻഷൻ ഫണ്ട് രൂപീകരിക്കേണ്ടതുണ്ട്.ആയത് രൂപീകരിച്ചിട്ടില്ല. ഫുൾ ടൈം കണ്ടിൻജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ട് രൂപീകരികരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-32 എസ്.എസ്.എ. വിഹിതം നൽകൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് : എസ്.എസ്.എ. വിഹിതം അടവാക്കൽ

നം : S002/2019

അടങ്കൽ - 17,00,000 (വികസന ഫണ്ട് )

ബിൽ നം. 15/23-09-2020 : 17,00,000

പ്രൊജക്ട് : എസ്.എസ്.എ. വിഹിതം അടവാക്കൽ

നം : S003/2019

അടങ്കൽ - 8,00,000 (വികസന ഫണ്ട്- SCP )

ബിൽ നം. 159/23-09-2020 : 8,00,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 25,00,000 രൂപ എസ്.എസ്.എ ജില്ലാ ഓഫീസ്, മലപ്പുറത്തിന് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 17/2018/തസ്വഭവ തി. 02-02-2018, ഖണ്ഡിക7-6(3) പ്രകാരം എസ്.എസ്.എ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 25,00,000 രൂപ കൈപ്പറ്റിയതിന്റെ രശീതി, നഗരസഭാ പരിധിയിൽപ്പെട്ട ഓരോ സ്കൂളുകളിലും എന്തെല്ലാം ചെലവാണ് പ്രസ്തുത തുക ഉപയോഗിച്ച് നടത്തിയത് എന്നതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 25,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-33 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിച്ചിട്ടില്ല

2019-20ൽ വിവിധ അക്രഡിറ്റഡ് ഏജൻസികൾക്ക് നൽകിയ മൊബിലൈസേഷൻ അഡ്വാൻസ് ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര് | കൺവീനർ | ബിൽനം./ വൗച്ചർ നം. | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | മോഡേൺ ഇൻഡോർ മാർക്കറ്റ് | ULCCS | 41/07-19 5.7.2019 | 1 കോടി | 0 | 1 കോടി | - |
| 2 | മോഡേൺ ഇൻഡോർ മാർക്കറ്റ് | ULCCS | 99/10-19 28.10.19 | 75 ലക്ഷം | 0 | 75 ലക്ഷം | |
| 3 | മോഡേൺ ഇൻഡോർ മാർക്കറ്റ് | ULCCS | 61/12-19 20.12.19 | 3.25 കോടി | 0 | 3.25 കോടി | |
| 4 | മോഡേൺ ഇൻഡോർ മാർക്കറ്റ് | ULCCS | 103/03-20 23.03.2020 | 1 കോടി | 0 | 1 കോടി | |
| 5 | ആധുനിക ടൗൺ ഹാൾ നിർമ്മാണം | FRBL | 79/01-20 | 1 കോടി | 0 | 1 കോടി | |
| 6 | ആധുനിക ടൌൺ ഹാൾ നിർമ്മാണം | FRBL | 37/10-20 | 40 ലക്ഷം | 0 | 40 ലക്ഷം | |
| 7 | സാന്ത്വനം കേന്ദ്രം നിർമ്മാണം | FRBL | 79/01-20 | 1 കോടി | 0 | 1 കോടി | |
| 8 | സാന്ത്വനം കേന്ദ്രം നിർമ്മാണം | FRBL | 88/08-20 | 20 ലക്ഷം | 0 | 20 ലക്ഷം | |
| 9 | സാന്ത്വനം കേന്ദ്രം നിർമ്മാണം | FRBL | 34/09-20 | 15 ലക്ഷം | 0 | 15 ലക്ഷം | |
| 10 | സാന്ത്വനം കേന്ദ്രം നിർമ്മാണം | FRBL | 45/10-20 | 25 ലക്ഷം | 0 | 25 ലക്ഷം | |
| 11 | സാന്ത്വനം കേന്ദ്രം നിർമ്മാണം | FRBL | 10/10-20 | 50 ലക്ഷം | 0 | 50 ലക്ഷം | |
| 12 | വെർമ്മി കംബോസ്റ്റ് പ്ലാന്റ് നിർമ്മാണം | IRTC | 47/02-20 | 877800 | 0 | 877800 | |
| 13 | വെർമ്മി കംബോസ്റ്റ് പ്ലാന്റ് നിർമ്മാണം | IRTC | 105/03-20 | 877800 | 0 | 877800 | |

അക്രഡിറ്റഡ് ഏജൻസി മുഖേന നടത്തുന്ന പ്രവൃത്തികൾക്ക് ആദ്യ ഗഡുവായി 20% തുക മാത്രമേ മുൻകൂറായി നൽകാൻ സർക്കാർ അനുമതിയുള്ളൂ. ഈ തുക പാർട്ട് ബില്ലുകളിൽ ക്രമീകരിക്കേണ്ടതാണ് എന്നതാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ മുനിസിപ്പാലിറ്റിയിൽ വിവിധ സ്ഥാപനങ്ങൾക്ക് ഒരേ പ്രവൃത്തിക്ക് പലതവണകളായി മുൻകൂർ നൽകുകയും അവ ക്രമീകരിക്കാതെയും കാണുന്നു. മേൽ മുൻകൂറുകൾ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഡ്രൈനേജ് നിർമ്മാണം- സെന്ററിംഗ് ആന്റ് ഷട്ടറിംഗ് പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിന്റെ ഭാഗമായി ഡ്രൈനേജിന്റെ വശങ്ങൾ കോൺക്രീറ്റ് ചെയ്യുന്നതിന് വേണ്ടിയുള്ള സെന്ററിങ് പ്രവൃത്തിക്ക് DSRഡാറ്റ 4.3.2 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഡ്രൈനേജിന് വേണ്ടി ഒന്നാം ഇനമായി എർത്ത് വർക്ക് ചെയ്ത് മണ്ണ് ഒഴിവാക്കിയ ശേഷമാണ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളത് എന്നതിനാൽ ഫൗണ്ടേഷൻ പ്രവൃത്തിക്ക് ബാധകമായ DSRഡാറ്റ 4.3.1 പ്രകാരമുള്ള നിരക്ക് മാത്രമാണ് ഇവിടെ സെന്ററിങ് പ്രവൃത്തിക്ക് നൽകാവുന്നത്. ലിന്റൽ, ബീം എന്നിവയുടെ സെന്ററിങ് പ്രവൃത്തിക്ക് ബാധകമായ- DSR 5.9.5- ഡാറ്റയിലും ഉയർന്ന നിരക്കാണ് 4.3.2 പ്രകാരമുള്ള ഡാറ്റയിൽ ഉള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് പുസ്തകം പ്രകാരം അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| മുംതാസ് ക്ലിനിക്ക് റോഡ് റീടാറിംഗ് $ കൾവെർട്ട് നിർമ്മാണം (279/20)<br>ടി.എസ്- 499000<br>ടി.എസ്.നമ്പർ- 27155/2018-19<br>കരാറുകാരൻ ശ്രീ. നവീൻ ഹർഷൽ. കെ.<br>ബിൽ 22/21.06.2019, തുക 495304 രൂപ<br>ഫണ്ടിനം - ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>അളവ് പുസ്തകം – 81/18-19<br>DSR 2016 Cost Index 37.25% | എക്സ്ട്രാ ഇനം-2<br>111.40$^{m2}$ | 57752<br>നിരക്ക്<br>519.63/$M^2$ | 29654<br>@266.19/$M^2$ | 28098 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 2/16.2.22 നുള്ള മറുപടിയിൽ തുക അടവാക്കുന്നതിന് കരാറുകാരന് അറിയിപ്പ് നൽകിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത് . അധിക തുക തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്. 28098 രൂപ ബാധ്യതയായി കണക്കാക്കുന്നു. അധിക ചെലവ് വന്ന തുക 28098 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ തുല്യ ബാധ്യതയായി കണക്കാക്കുന്നു. (14049 X 2)

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/ തിയ്യതി |
|---|---|---|
| 2019-20 | 07.02.2022 മുതൽ 23.02.2022 വരെയുള്ള മുനിസിപ്പാലിറ്റിയുടെ ഓഡിറ്റ് കാലയളവിൽ വാർഷിക ധനകാര്യപത്രിക പരിശോധിച്ചു. | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

## 4-3 നിക്ഷേപ പ്രവർത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നല്കിയതിന്റേയും ചെലവഴിച്ചതിന്റേയും വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരം

| ക്രമ നം | പ്രവർത്തിയുടെ പേര് | കൺവീനർ | ബിൽനം./ വൗച്ചർ നം. | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | മോഡേൺ ഇൻഡോർ മാർക്കറ്റ് | ULCCS | 41/07-19 5.7.2019 | 1 കോടി | 0 | 1 കോടി | - |
| 2 | മോഡേൺ ഇൻഡോർ മാർക്കറ്റ് | ULCCS | 99/10-19 28.10.19 | 75 ലക്ഷം | 0 | 75 ലക്ഷം | |
| 3 | മോഡേൺ ഇൻഡോർ മാർക്കറ്റ് | ULCCS | 61/12-19 20.12.19 | 3.25 കോടി | 0 | 3.25 കോടി | |
| 4 | മോഡേൺ ഇൻഡോർ മാർക്കറ്റ് | ULCCS | 103/03-20 23.03.2020 | 1 കോടി | 0 | 1 കോടി | |
| 5 | ആധുനിക ടൗൺ ഹാൾ നിർമ്മാണം | FRBL | 79/01-20 | 1 കോടി | 0 | 1 കോടി | |
| 6 | ആധുനിക ടൌൺ ഹാൾ നിർമ്മാണം | FRBL | 37/10-20 | 40 ലക്ഷം | 0 | 40 ലക്ഷം | |
| 7 | സാന്ത്വനം കേന്ദ്രം നിർമ്മാണം | FRBL | 79/01-20 | 1 കോടി | 0 | 1 കോടി | |
| 8 | സാന്ത്വനം കേന്ദ്രം നിർമ്മാണം | FRBL | 88/08-20 | 20 ലക്ഷം | 0 | 20 ലക്ഷം | |
| 9 | സാന്ത്വനം കേന്ദ്രം നിർമ്മാണം | FRBL | 34/09-20 | 15 ലക്ഷം | 0 | 15 ലക്ഷം | |
| 10 | സാന്ത്വനം | FRBL | 45/10-20 | 25 | 0 | 25 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | കേന്ദ്രം നിർമ്മാണം | | | ലക്ഷം | | ലക്ഷം | |
| 11 | സാന്ത്വനം കേന്ദ്രം നിർമ്മാണം | FRBL | 10/10-20 | 50 ലക്ഷം | 0 | 50 ലക്ഷം | |
| 12 | വെർമ്മി കംബോസ്റ്റ് പ്ലാന്റ് നിർമ്മാണം | IRTC | 47/02-20 | 877800 | 0 | 877800 | |
| 13 | വെർമ്മി കംബോസ്റ്റ് പ്ലാന്റ് നിർമ്മാണം | IRTC | 105/03-20 | 877800 | 0 | 877800 | |

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടവിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ആധുനിക ബസ് സ്റ്റാന്റ് നിർമ്മാണം | സ.ഉ സാധാ 1973/18/LSGD Td 20.07.2018 (10കോടി) | 25000000 | 50000000 | 0 | 6534247 | 75000000 |
| 2 | സമ്പൂർണ്ണ ഭവന പദ്ധതി - HUDCO | 72610/DB01/LSGD /10-12-2013 | - | 3429723 | 3429723 | 156485 | 0 |
| 3 | PMAY-HUDCO | ലഭ്യമല്ല | 135400000 | 9400000 | 11946667 | 0 | 132853333 |

കുറിപ്പ് : വായ്പ രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ക്രമ നം. 3 പ്രകാരമുള്ള PMAY-HUDCO വരവും നീക്കിയുരിപ്പും AFSമായി പൊരുത്തപ്പെടുന്നില്ല. AFS-RP പ്രകാരം വരവായി കാണിച്ചിട്ടുള്ളത് 100200000/-രൂപയും ബാലൻസ് ഷീറ്റിൽ ബാധ്യതയായി കാണിച്ചിട്ടുള്ളത് 97653333/-രൂപയുമാണ്. എന്നാൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ ഹഡ്കോ ലോൺ സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് 135400000/-രൂപയും തിരിച്ചടക്കാനുള്ളത് 138853333/-രൂപയുമാണ്.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1500000 |
| തൻവർഷം നിക്ഷേപിച്ച തുക | 2549130 |
| ആകെ | 4049130 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 4049130 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം**

| | തുക | രശീതി |
|---|---|---|

| | | |
|---|---|---|
| | | നം. |
| ക്ലീൻ കേരള കമ്പനി ലിമിറ്റഡ് | 500000 | 022 |
| ക്ലീൻ കേരള കമ്പനി ലിമിറ്റഡ് | 1000000 | 63 |
| അർബൺ കോ – ഓപ്പറേറ്റീവ് ബാങ്ക്,പെരിന്തൽമണ്ണ | 2501000 | |
| പഞ്ചാബ് നാഷണൽ ബാങ്ക് പെരിന്തൽമണ്ണ | 48130 | 433800 |

കുറിപ്പ് :- പെരിന്തൽമണ്ണ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിക്ഷേപിച്ച 1000/-രൂപ AFSൽ ചേർത്തിട്ടില്ല. ആയതിനാൽ സ്ഥിര നിക്ഷേപത്തിന്റെ വിശദാംശങ്ങൾ AFS മായി പൊരുത്തപ്പെടുന്നില്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം./തിയ്യതി |
|---|---|---|---|---|
| 2017-18 | 3-26 | 6750 | എം. ഹുസൈൻ | 119010100881/26.4.2019 |
| 2017-18 | 3-26 | 720 | എ.പി. സുബൈർ | 119100100882/26.4.2019 |
| 2017-18 | 3-26 | 9000 | അമ്മിണി, കൺവീനർ | 119100100883/26.4.2019 |
| 2017-18 | 3-26 | 3597 | പി പി മുസ്തഫ | 119100100884/26.4.2019 |
| 2017-18 | 3-26 | 239 | അജിതകുമാരി | 119100100885/26.4.2019 |
| 2017-18 | 3-26 | 4772 | നവീൻ ഹർഷൽ | 119100100886/26.4.2019 |
| 2017-18 | 3-26 | 3223 | കെ പി മുസ്തഫ | 119100100887/26.4.2019 |
| 2017-18 | 3-26 | 10500 | അജിതകുമാരി | 119100100888/26.4.2019 |
| | | 7500 | ഉണ്ണികൃഷ്ണൻ | 119100100889/26.4.2019 |
| | | 300 | മണികണ്ഠൻ | 119010118336/17.01.2020 |
| | | 5900 | ജീവനം സൊല്യൂഷൻസ്, പെരിന്തൽമണ്ണ | 119010118616/22.01.2020 |
| | | 74428 | അശ്വിൻകുമാർ, കൺവീനർ | 119010124066/6.3.2020 |
| | | 12418 | ജോർജ്കുട്ടി, കൺവീനർ | 119010124067/6.3.2020 |
| | | 12550 | മൊയ്തീൻ, കൺവീനർ | 119010124068/6.3.2020 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 46, 47 | 2000-01 | | മാർക്കറ്റ് സ്റ്റാളിലെ വാടക ഈടാക്കാത്തത് നഷ്ടം | നിയമസഭാ സമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | 54925 രൂപ | പരിഗണനയിൽ |
| 1999-2000 | 50 | 2003-04 | | വസ്തു നികുതി | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1999-2000 | 63 | 2003-04 | | ടാർ വില | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1999-2000 | 74 | 2003-04 | | സംഗീത ക്രോസ് റോഡ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2007-08 | 3(38) | 2010-11 | | | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2010-11 2011-12 | 2(10) | 2013-14 | | ലഘു അവലോകനം പൊതുമാർക്കറ്റ്, ഷോപ്പിംഗ് കോംപ്ലക്സ് | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2016-17 | 2(1) | 2017-18 | | | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2017-18 | 3(26) | 2018-19 | | | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ബി ) സർചാർജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക

സർചാർജ് നടപടികളുടെ വിവരം

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക( രസീത് നമ്പർ/ തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തിയ്യതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | പെരിന്തൽമണ്ണ നഗരസഭ | 2001-02 | 3(4) | സന്തോഷ്.ടി സെക്രട്ടറി. | LF-5822/ SP.Cell/ SC5/08 /19.6.2009 | 25350 | 25350 | | | | 25350 | 0 | |
| 2 | ,, | 2006-07 | 3(6) | ലളിതാംബിക .കെ.എസ്സ് | LF 8998/ SP.Cell/Csc /A2 /12 തി.24.8.2013 | 21450 | 1140110 3559/ 14.5.2014 | - | - | 21450 | - | 0 | |
| 3 | ,, | 2007-08 | 3(5) | സുധാകരൻ സെക്രട്ടറി | LF 17183/ SP.Cell/ CSC/ | 23026 | 115011 22710/ 21.1.16 | | | 23026 | | 0 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | A2/12/ തി.15.6.15 | | | | | | | | |
| 4 | „ | 1998-99 | 47,45 | സുരേന്ദ്രൻ സെക്രട്ടറി | LF-15394/ SP.Cell/SC-5/03തി. 2.7.2004 | 43153 | | - | - | - | - | 43153 | OP 200/ 2006 |
| 5 | „ | 1998-99 | 91 | പി.ജെ. ജോസഫ് എച്ച് .എം | LF 15394/ SP.Cell/SC-5/03തി. 3.9.2013 | 17108 | | - | - | - | - | -17108 | വിവരം ലഭ്യമല്ല |
| 6 | „ | 1998-99 | 838487 | ടി.എം.അപ്പ | LF 15394/ SP.Cell/SC-5/03തി. 3.9.2013 | 11500 | | | | | | 11500 | WPC 2490/ 04 PEN DING |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുൻ ബാക്കി ഉൾപ്പെടെ) | 804832411 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 726064916 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28098 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 160308398 |

**(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 14049 | ശ്രീ. പ്രസന്നകുമാർ . എൻ, അസി. എഞ്ചിനീയർ |
| | 14049 | ശ്രീ.ഉമ്മർ.കെ., അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 14,92,59,321 | ശ്രീ.അബ്ദുൽ സജീം.എസ്, സെക്രട്ടറി |
| 1-24 | 24,49,706 | ശ്രീ.അബ്ദുൽ സജീം.എസ്, സെക്രട്ടറി |
| 1- 25 | 3,38,100 | ശ്രീ.അബ്ദുൽ സജീം.എസ്, സെക്രട്ടറി |
| 1- 26 | 9,39,573 | ശ്രീ.അബ്ദുൽ സജീം.എസ്, സെക്രട്ടറി |
| 1-29 | 20,36,666 | ശ്രീ.അബ്ദുൽ സജീം.എസ്, സെക്രട്ടറി |
| 1-30 | 27,85,032 | ശ്രീ.അബ്ദുൽ സജീം.എസ്, സെക്രട്ടറി |
| 1-32 | 25,00,000 | ശ്രീ.അബ്ദുൽ സജീം.എസ്, സെക്രട്ടറി |
| ആകെ | 16,03,08,398 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രസന്നകുമാർ . എൻ, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, പെരിന്തൽമണ്ണ നഗരസഭ | മാരി നിവാസ്, കൊടുമ്പ്.പി.ഒ., പാലക്കാട് പിൻ-678551 |
| ശ്രീ.ഉമ്മർ.കെ., അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | കാരിയൽ ഹൗസ്, നെല്ലിക്കാപറമ്പ്, മുക്കം, കോഴിക്കോട്-673602 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1967-68 | എൽ.എഫ്.എം.10/322/88 തീ. 18.10.1987 | 3 |
| 1968-69 | എൽ.എഫ്.എം.10/347/88 തീ. 18.10.1987 | 3 |
| 1969-70 | എൽ.എഫ്.എം.10/323/88 തീ. 18.10.1987 | 12 |
| 1970-71 | എൽ.എഫ്.എം.10/809/88 തീ. | 35 |
| 1971-72 | എൽ.എഫ്.എം.10/1540/81 തീ.19.02.1982 | 46 |
| 1972-73 | എൽ.എഫ്.എം.10/1539/81 തീ. 19.02.1982 | 2 |
| 1973-74 | എൽ.എഫ്.എം.10/1693/80 തീ 26.02.1982 | 12 |
| 1974-75 | എൽ.എഫ്.എം.10/1435/81 തീ. 18.10.1987 | 05 |
| 1975-76 | എൽ.എഫ്.എം.10/314/81 തീ. | 7 |
| 1976-77 | എൽ.എഫ്.എം.10/704/81 തീ. | 3 |
| 1978-79 | എൽ.എഫ്.എം.10/400/82 തീ. | 12 |
| 1979-80 | എൽ.എഫ്.എം.10/122/82 തീ. | 4 |
| 1980-81 | എൽ.എഫ്.എം.10/276/84 തീ. 21.10.1985 | 30 |
| 1981-82 | എൽ.എഫ്.എം.10/1200/85 തീ. 21.10.1985 | 30 |
| 1982-83 | എൽ.എഫ്.എം.10/179/85 തീ. | 37 |
| 1983-84 | എൽ.എഫ്.എം.10/1435/85 തീ.08.02.1989 | 35 |
| 1984-85 | എൽ.എഫ്.എം.10/671(എ)/90 തീ. 21.07.1990 | 39 |
| 1990-91 | എൽ.എഫ്.എം.21/393/15(6) തീ.23.02.2015 | 22 |
| 1991-92,1992-93 | എൽ.എഫ്.എം.21/393/15(7) തീ.23.02.2015 | 22 |
| 1994-95,1995-96 | എൽ.എഫ്.എം.21/393/15(9) തീ.23.02.2015 | 41 |
| 1996-97 | എൽ.എഫ്.എം.21/393/15(10) തീ.23.02.2015 | 12 |
| 1997-98 | എൽ.എഫ്.എം.21/393/15(11) തീ.23.02.2015 | 50 |
| 1998-99 | എൽ.എഫ്.എം.21/393/15(12) തീ.24.02.2015 | 14 |
| 1999-00 | എൽ.എഫ്.എം.21/393/15(13) തീ.24.02.2015 | 57 |
| 2000-01 | എൽ.എഫ്.എം.21/393/15(14) തീ.24.02.2015 | 92 |
| 2001-02 | എൽ.എഫ്.എം.21/393/15(15) തീ.24.02.2015 | 26 |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.എം.21/393/15(16) തീ.24.02.2015 | 77 |
| 2003-04 | എൽ.എഫ്.എം.21/393/15(17) തീ.27.02.2015 | 42 |
| 2004-05 | എൽ.എഫ്.എം.21/393/15(18) തീ.27.02.2015 | 42 |
| 2005-06 | എൽ.എഫ്.എം.21/393/15(19) തീ.27.02.2015 | 21 |
| 2006-07 | എൽ.എഫ്.എം.11/2161/09 തീ. 20.01.2010 | 22 |
| 2007-08 | എൽ.എഫ്.എം.16/2162/09 തീ. 20.01.2010 | 42 |
| 2008-09 | എൽ.എഫ്.എം.11/247/12 തീ. 31.01.2012 | 30 |
| 2009-10 | എൽ.എഫ്.എം.11/247/12 തീ. 31.03.2012 | 40 |
| 2010-11,2011-12 | എൽ.എഫ്.എം.21/1581/13 തീ: 20.11.2013 | 44 |
| 2012-13 | എൽ.എഫ്.എം.21/895/15 തീ. 13-05-2015 | 28 |
| 2013-14,2014-15 | കെഎസ്എഎംപിഎം21/1425/2016തി.14.7.16 | 28 |
| 2015-16 | കെഎസ്എഎംപിഎം 21/178/2017 തി:10-2-17 | 27 |
| 2016-17 | കെഎസ്എഎംപിഎം21/2459/2017തി.30-11-17 | 25 |
| 2017-18 | കെഎസ്എഎംപിഎം21/2866/2018തി.24-1-19 | 40 |
| 2018-19 | കെഎസ്എഎംപിഎം21/1441/20/03-02-2021 | 24 |

നിലവിലുള്ള ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**മലപ്പുറം ജില്ല**

എം.എ.4/2022

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്